നവരൊടുചൊല്ലിയെന്നെല്ലാരൊടും കല്പിച്ചതെന്തുനിങ്ങൾഞാൻചൊല്ലു
ന്നതുകെൾപ്പിൻ ഇവിടെകാണ്മിതൊരൊദുന്നിമിത്തങ്ങളെല്ലാം ഇച്ചി
ടെയിരുന്നാലാപത്തൊഴിഞ്ഞുണ്ടാസ്സുരാ അതിനുചിലകഥകളെയുംപറ
ഞ്ഞൊപ്പിച്ചുതിവെശത്തൊടവർകളെയുംകൂട്ടിക്കൊണ്ടു കിഴക്കുംദിക്കുനൊ
ക്കിപ്പൊയൊരുമലയിൽച്ചെ ന്നുഴകിയൊരുരാജധാനിയും പണ്ണിത്തിത്തു
സുഖിച്ചുചിലദിനംവസിച്ചൊരനന്തരം ചികിത്സയില്ലാതൊരുരൊഗത്ത

ക്കാട്ടികൊണ്ടു ദെഹാന്തക്ഷീണമാക്കിബന്ധുക്കളൊടു ചൊന്നാൻ മൊ
ഹമില്ലിനിക്കിനി ജീവിച്ചുവാണീടുവാൻ വിന്ധ്യശർമ്മാവെന്നൊരുവെ
ടനെയവിടെക്ക സന്തതം നാഥനാക്കി വാഴിച്ചു രൊഗത്താലെ മരണം പ്രാ
പിച്ചുടനെന്നുടെ ശരീരത്തിൽ തരസാവുക്ക പൊന്നുവില്വാദ്രിതങ്കൽ വ
ന്നെൻ അതിനുബന്ധം വന്നവാറും ഞാൻ ചൊല്ലീടുവൻ മതിമാനെ
ല്ലൊ ഭവാൻ കെട്ടാലും പരമാത്ഥം ഭദ്രശർമ്മാവെന്നിന്നെപ്പൊലെ ഞാൻ ബാ
ല്യകാലെ വിദ്രുതം പരകായത്തെ പ്രവെശിച്ചു മാഹാൽ കാലക്ഷെപ
ത്തെ ചെയ്തു ക്രീഡിച്ചു നടക്കും കാലത്തു ശ്രീനാരദൻ കാരുണ്യാഹൃദയനാ
യുള്ളൊരു അഹിതൊപദെശം ചെയ്യാൻ വഴിപൊലെ നന്നല്ലീവിദ്യയുപെ
ക്ഷിക്കേണമിനി ഭവാൻ അന്യായം പരകായത്തെ പ്രവെശിക്കയാലെ
നിന്നുടെ ശരീരവും മെല്ലെ മായുമഞ്ഞിതു നാരദനിത്ഥമരുൾ ചെയ്തതു കെട്ടു
ഞാനും പാരാതെ ചൊദ്യം ചെയ്തു ഇന്നിതിനിയൊന്നുമല്ല എന്നുടെ ശരി
രശുദ്ധ്യത്ഥമായെന്തൊന്നുള്ളു തെന്നരുൾ ചെയ്തീടെണമെന്നതു കെട്ടനെ
രം ലൊകെശാത്മജനായ നാരദനരുൾ ചെയ്തു ശൊകനാശം വന്നീടും കെ
ട്ടാലും വഴിയെനി ദക്ഷിണദിക്കിലുണ്ടു വില്വാദ്രിയെന്നു പെരായുള്ളമാം
വിഷ്ണുക്ഷെത്രം വില്വാദ്രിതന്മെലെടൊ അദ്രിതന്നുടെ താഴത്തുണ്ടൊരു മഹാ
ബിലം എത്രയും തെജസ്സൊടുമതിലുണ്ടൊരു വില്വം അതിന്റെ പഴത്താലൊ
ന്നുപയൊഗിക്കുന്നവക്കതിനാൽ സുവർണ്ണമയമായ്വരും ശരീരവും നാരദനെ
വമുപദെശിച്ചമൂലം ഞാനും പാരാതെ വില്വാദ്രിതൻ പാശ്ചെ ചെന്നതുനെ
രം വെടരാൽ പ്രവെശിച്ചു കൂടാത്തു വലഞ്ഞൊരു ആടർപ്പൂണ്ടുഴന്നൊരു
കാലം ചെന്നതുനെരം എത്രയും പ്രയാസം ചെയ്തു വരെയകവറിയെ നദ്രിമൂ
ൎദ്ധ്നി ചെന്നു നാഥനെ വണങ്ങിനെൻ പരശുരാമന്നാൽ പ്രതിഷ്ഠിക്കപ്പെ
ട്ടുള്ളൊരു കരുണാകരന്തന്നെ തപസ്സു ചെയ്കൻ ചിരം കല്യാണമൂർത്തിനി
യൊഗെന പൊഴ്ശിലംപക്ക വില്വപകവുമുപയൊഗിച്ചെന്നതുമൂലം
സുവർണ്ണമയമായിച്ചമഞ്ഞു ശരീരവും അച്ചൊണ്ണം വന്നുകൂടും നിനക്കുമെ
ന്നുനൂനം സിദ്ധചാരൊക്തി കെട്ടു ഭദ്രശർമ്മാവുടൻ ഞാനൊ നെത്രയും കൃശ
മായൊന്നെല്ലായിട്ടു കരൂപം എത്രയും ക്രൂരമായിച്ചമഞ്ഞു മമദെഹം

എത്തുവാൻപണിയിനിയിശ്ശരീരത്തെക്കൊണ്ടു ചിത്തകാരുണ്യമതിനു
ണ്ടാകവെണമിപ്പൊൾ എന്നതുകെട്ടുസിദ്ധചാരനുമുരചെയ്യാൻ ചെന്നാ
ലുംശുകരൂപത്തെ ടെനീയവിടെക്ക നിന്നുടെശരീരത്തെപ്രാപിക്കാസ്സതു
മെന്നാൽ നിന്തിരുവടിമമതലയിൽതൃക്കൈവെച്ചു സന്തോഷത്തോടുമനു
ഗ്രഹിച്ചീടുകവെണം സിദ്ധചാരനുമപ്പൊൾശുകത്തിന്തലതൊട്ടു സിദ്ധിക്ക
മനൊരഥമെല്ലാമെന്നരുൾചെയ്തു അപ്പൊഴെസ്വപ്നമയിമായതുശുകരൂപം
അത്ഭുതംപൂണ്ടുഭദ്രശൎമ്മാവുമുരചെയ്താൻ നിന്തിരുവടിയുടെമാഹാത്മ്യമൊ
രുവൎക്കും ചിന്തിച്ചാലറിഞ്ഞുകൂട്ടുകയുമില്ലയെല്ലൊ ജിഷ്ണുശങ്കരബ്രഹ്മാദി
കളാൽവന്ദ്യന്മാരാം വിഷ്ണുഭക്തന്മാൎക്കരുതാത്തതില്ലൊന്നുമൊൎത്താൽ എ
ന്നരചെയ്തുഭദ്രശൎമ്മാവാംശുകനുംപൊയ്യെന്നിതുഹിമാചലത്തിങ്കലെന്ന
റിഞ്ഞാലും താപസാശ്രമംപുക്കുതന്നുടെശരീരത്തിൽ പ്രാപിച്ചുമുനിവര
ന്തന്നെയുംവണങ്ങിനാൻ പൊയതിൽപിന്നെയുള്ളവൃത്താന്തമെല്ലാഞ്ചൊ
ല്ലിപൊയാലുമെങ്കിലെന്നുമുനിയുംനിയൊഗിച്ചാൻ ഭദ്രശൎമ്മാവുംപരമാ
നന്ദംപൂണ്ടുപൊന്നു വിദ്രുതംവിലപാദ്രിമെൽവന്നുകൈവണങ്ങിനാൻ
നാരദന്തന്നാലൎച്ചിക്കപ്പെട്ടഭഗവാനെ നെരൊടെഭക്തിപൂണ്ടുസെവി
ച്ചാൻചിരകാലം വിലപാകപാവുമുപസെവിച്ചാൻവിലംപുക്കനല്ലകാഞ്ച
നമയമായ്മന്നുശരീരവും വിലപാദ്രിക്ഷെത്രമാഹാത്മ്യങ്ങടളവിചാരിച്ചാ
ൽ ചൊല്ലുവാനരുതാൎക്കും പാൎവ്വതിഭക്തപ്രിയെ പരമെശ്വരനിത്ഥമരുളി
ച്ചെയ്തനെരം പരമെശ്വരീഗൌരിപിന്നെയുംവിചാരിച്ചാൾ നിത്യനായ്നി
രഞ്ജനനാകുമാത്മാവെങ്ങിനെ പ്രത്യംഗത്തിങ്കൽപ്രവെശിക്കുന്നവാറുനാ
ഥ നാഥെകെൾജീവനായുംപരനാകിയുമെവം ദ്വൈതീഭാവത്തൊടുകൂടി
രിക്കുമാത്മാവുതാൻ ഒരുദെഹത്തിൽനിന്നുമറെറാരുദെഹംപുക്കു നരകസ്വ
ൎഗ്ഗാദികൾഭുജിച്ചീടുന്നുനാഥെ മനുജാതികളായജന്തുക്കൾദെഹംപൂക്കു ജ
നനമരണസംയുക്തനായ്തത്തിക്കുന്നു എകനായ്സ്വയംപ്രകാശകനായ്നിരീ
ഹനായ് രാഗാദിവിഹീനനായാദ്യന്തരഹിതനായ്നിഷ്കളൻനിരഞ്ജനൻ
നിൎഗ്ഗുണൻനിത്യൻപരൻ ചിൽഘനൻസൎവ്വവ്യാപിയായിരിപ്പവനെത്രെ
പരമാത്മാവെന്നിത്ഥംഭഗവാനരുൾചെയ്തു പരമെശ്വരിതാനുമന്നെരം

വിചാരിച്ചാൽ ചിന്മയൻസൎവ്വവ്യാപിയായിട്ടാത്മാവൊരൊ ജന്മങ്ങ
പ്രാപിക്കുന്നതെന്തിനുദുഃഖിപ്പാനാ യുന്മപിവൈരിതാനുമരുളിച്ചെയ്യുന്ന
പ്പൊൾ കൎമ്മങ്ങളെയനുഭവിപ്പാനെന്നുധരിക്കനീ ഒരുദെഹത്തിൽനിന്നങ്ങ
ന്യദെഹത്തിൽപൂകും പരിചുചൊല്ലുംയൊഗശാസ്ത്രത്തിലറികനീ പാൎവ്വതീ
യതുകെട്ടുപിന്നെയുംചൊദ്യംചെയ്തു ളാവൊളംവികല്പങ്ങളുണ്ടുള്ളിൽതൊ
ന്നീടുന്നു സൎവ്വജ്ഞനെന്നുംപുനരജ്ഞാനിയെന്നുംപിന്നെ സൎവ്വദാജള
നെന്നുംവിദശുദ്ധനെന്നുമെല്ലാം സമ്പ്രതിവിരുദ്ധങ്ങളാമിവയൊന്നിങ്ക
ലെ സംഭവിക്കുന്നവാറുമരുളിച്ചെയ്തീടെണം അന്നെരംമന്ദസ്മിതംചെയ്തു
രുൾചെയ്യുനാഥൻ എന്നാലിപ്പുരനെന്നുചൊല്ലുമാത്മാവുതന്നെ നിന്നൊ
ടുദ്ധംവരുമാറിഹചൊല്ലീടുന്നെൻ നന്നായികുറികൊണ്ടുകെട്ടുകൊ
ണ്ടാലുംഭദ്രെ വിഷയഗ്രസ്തചിത്തന്മാരാമജ്ഞാനികൾക്കു വിഷമഭാ
വന്തൊന്നീടുന്നതുയുക്തമെത്രെ ആത്മജ്ഞാനികൾക്കെവംവിരുദ്ധഭാവ
മൊന്നു മാത്മനീതൊന്നുകയുമില്ലെതുറിഞ്ഞാലും ഇച്ചൊന്നവസ്തുവൊ
ന്നുംപരമാത്മാവിനൊട്ടു നിശ്ചയംസംബന്ധിക്കയില്ലെന്നുധരിക്കനീ
മായാകാരണമെല്ലാംസംബന്ധിക്കുന്നതെന്നു മായാമൊഹിതന്മാൎക്കുതൊ
ന്നുമെന്നതുനൂനം മായതന്നൊടുവെറിട്ടിരിപ്പൊരുത്തനെത്രെ ജ്ഞെയ
നാംപരമാത്മാവെന്നുനീധരിച്ചാലും വെദവെദാന്തശാസ്ത്രാൎത്ഥങ്ങളെവി
ചാരിച്ചാൽ ബൊധവുമുണ്ടായ്വരുംഭഗവൽഭക്തന്മാൎക്കു പരമാത്മാവുത
ന്നെയൊഴിച്ചുള്ളവററിനു കരുതുമത്യൎത്ഥമുണ്ടെന്നതുശൈലാത്മജെ അ
ല്ലതത്വാനുബൊധംകൊണ്ടുമായയെജ്ജയി ക്കുന്നവൻസംസാരദുഃഖങ്ങളെ
ത്യജിച്ചുടൻ പരമമായിട്ടുള്ളപദത്തെപ്രാപിക്കുന്നൊൻ പരമെശ്വരി
യതുകെട്ടുടൻചൊദ്യംചെയ്താൻ ആത്മതത്വാനുബൊധമെങ്ങിനെയുണ്ടാ
കുന്നു താല്പൎയ്യമുണ്ടതറിഞ്ഞീടുവാൻദയാനിധെ നാഥെകെളെക്കിലതി
ന്നുകാരണംചൊല്ലാമെടൊ വെദാന്തശ്രവണവുംചെയ്തുകൊണ്ടനാരതം
മൊക്ഷകാമികളായവിദ്യാവൃത്തന്മാരെല്ലാം സക്ഷാൽശ്രീനാരായണപാദ
ഭക്തന്മാരെല്ലൊ സാധുക്കളായജ്ജനമുപദെശിച്ചാലാത്മ ബൊധവുമുണ്ടാ
മതുമൊക്ഷമാകുന്നതെടൊ ശ്രീമഹാദെവനെവമരുൾചെയ്തുകെട്ടു ശ്രീ

മഹാദേവിതാനും ചോദിച്ചാളതുനേരം മനുഷ്യന്മാൎക്കനാവിഷയ
ങ്ങളിലെല്ലാം മാനസവൈരാഗ്യത്തെങ്ങിനെയുണ്ടാകുന്നു അതിനെയ
രുളിച്ചെയ്യേണമെന്നതുകെട്ടു കൃതുധ്വംസിയും തെളിഞ്ഞരുളിച്ചെയ്തീടിനാ
ൻ ഭദ്രെനീകുതുകംകൊണ്ടുകെട്ടുകൊണ്ടാലുമെങ്കിൽ ചിത്തത്തിൽവിഷയ
ത്യാഗത്തിനുകാരണമെല്ലാം സത്തുകളകതാരിൽവിഷയങ്ങളെയെല്ലാം നി
ത്യവുമനൎത്ഥമെന്നുവച്ചുകണ്ടീടിനാർ ഗൎഭസ്ഥനായജീവന്തന്റെദുഃഖങ്ങ
ൾകെളെപ്പൊഴുംവിണ്മൂത്രാദികൊണ്ടുള്ളപീഡകൊണ്ടും മാതുരാഹാരദൊ
ഷംകൊണ്ടുമുണ്ടാകുന്നൊരു വെദനകൾക്കവസാനമില്ലാകിനി മാതാ
വിന്നുദരത്തിലിരുന്നുനിരൂപിക്കും ചെതസിമുന്നം കഴിഞ്ഞൊരു ജന്മ
ങ്ങളെല്ലാം ജനിച്ചാലിനിയൊരുകൎമ്മവും ചെയ്യുന്നില മനസ്സിൽമുകുന്ദ
നെദ്ധ്യാനിക്കുന്നതെയുള്ളു വ്യസനത്തൊടുമൊരൊന്നൊൎത്തുകൊണ്ടിരിക്കു
മ്പൊൾ പ്രസവവായുബലത്താലധൊമുഖനായെ എന്തൊരുമാൎഗ്ഗത്തൂ
ടെനിൎഗ്ഗമിക്കാവിതെന്നു വെദനയൊടുംപരിഭ്രമിച്ചീടുന്നകാലം. മാതാ
വിന്മൂത്രദ്വാരത്തൂടെസങ്കടത്തൊടു മാധിപൂണ്ടാശുപുറത്താമ്മാറുപുറപ്പെ
ട്ടും അന്നെരംമുന്നമുണ്ടായിരുന്നസ്മരണവും നന്നായിമറന്നുടൻകരഞ്ഞു
തുടങ്ങിട്ടും മലമൂത്രാദികളുംപിരണ്ടുകിടന്നീട്ടും പലവുമശക്യമാകുന്നമാ
ക്ഷികകളാം ജന്തുക്കൾകടിക്കുമ്പൊൾവെദനാസഹിയാഞ്ഞും സന്താപം
പെരുതായിനിശ്ചെഷ്ടശരീരനായിഷ്ടമായതുചെയ്തുകൊള്ളുവാനരുതാ
ഞ്ഞു മൊട്ടുമെപറഞ്ഞുകൊൾവാനരുതാഞ്ഞുംനൂനം മെല്ലവെവളൎന്നൊട്ടു
നടന്നുതുടങ്ങുമ്പൊൾ അല്ലൽപൂണ്ടഭീഷ്ടമായുള്ളവലഭിയാഞ്ഞും ദന്തൊല്പാ
ടനംകൊണ്ടുംകൎണ്ണവെധാദികൊണ്ടു മെന്തെല്ലാംദുഃഖംവിദ്യാഭ്യാസവൈഷ
മ്യംകൊണ്ടും യൌവനംപ്രാപിച്ചൊരൊ വിഷയങ്ങളിലെല്ലാം ദുൎവ്വാരമാ
യമൊഹംപൂണ്ടുദുഃഖിച്ചുമെററം വാൎദ്ധക്യദുഃഖമെന്തുചൊല്ലാവതല്ലയെത്തും
നെത്രശ്രൊത്രാദികരണങ്ങളുംശക്തികെട്ടു നിത്യകൎമ്മാദികളുംവഴിയെചെ
യ്തുകൂട ബുദ്ധിയുംപരവശമായ്ചമഞ്ഞീടുമെററം ഇത്തരംജന്മദുഃഖംപാര
യാമല്ലയെത്ര മൈത്രെയ്യംവൈരാഗ്യവുംഭവിക്കുമിവയൊൎത്താൽ ബൊധ
മുള്ളവൻദെഹംഞാനെന്നുറക്കയാൽ ചെതസിപുനരഹമ്മതിയുമുപെ

ക്ഷിച്ച പരമാത്മാവിനെയുമറിഞ്ഞുവഴിപോലെ പരമാനന്ദം പ്രാപിച്ചീ
ടുമതിന്നു കന്ന്യ പരമെശ്വരിയതുകെട്ടടൻ ചൊദ്യംചെയ്താൾ പരമെശ്വ
രഭവാനെങ്ങളിച്ചെയ്തിടെണം പരമാത്മസ്വരൂപന്നായിട്ടറിവാനാ യു
രമെശ്വരന്താനുമങ്ങളിച്ചെയ്തിടിനാൻ ഭദ്രെകെളവാങ്മനൊഗൊചരമാ
യൊന്നെത്രെ നിത്യമത്മാനംന്നൊടെങ്ങിനെപറയുന്നു നിർഗ്ഗുണന്നി
രഞ്ജനന്നിർമ്മല ന്നിരാകുലൻ നിഷ്കളന്നിരൂപമന്നിർമ്മമന്നിരാമയൻ
അദ്വയനെകമ്പരനവ്യയന്നാധാരൻ ചിദ്രൂപന്നിത്യനജനവ്യക്തൻ
സനാതനൻ അനന്തനനാദ്യനാദ്യന്നിഗമാന്തംവെദ്യ നസംഗൻനി
രിന്ദ്രിയനച്യുതൻ ഗുണഭൊക്താ സമസ്തചരാചരജന്തുക്കളന്തർഭാഗെ സ
മതാംപൂണ്ടു ജീവാത്മാവായുമിരിപ്പവൻ അഖണ്ഡൻ പരിപൂർണ്ണൻ പര
മാനന്ദരൂപി വൈകുണ്ഠൻ പരബ്രഹ്മമെന്നു ചൊല്ലുന്നു ലൊകം അതി
നെയറിഞ്ഞുപാസിക്കുന്നജനമെല്ലാ മതുലാനന്ദത്തെയും പ്രാപിക്കുമറി
കന്നി ഭഗവദ്വചനങ്ങളിങ്ങിനെ കെട്ടനെരം ഭഗവല്പാദം കൂപ്പി ചൊദി
ച്ചു ഭഗവതി മർത്ത്യന്മാരമർത്ത്യരെ പൂജിച്ചീടുന്നു നിത്യം കർത്തവ്യമവരാ
ലെന്തങ്ങളിച്ചെയ്തിടെണം അതുകെട്ടരുൾചെയ്തു പരമെശ്വരനപ്പൊൾ മ
തിനെർമുഖിയാളെ കെട്ടുകൊണ്ടാലുമെങ്കിൽ ഞാ നംനാരായണനംഭക്ത
രാംനരന്മാർക്കു ജ്ഞാനവും മൊക്ഷത്തെയും കൊടുക്കുമറികന്നി അന്ന്യദെ
വന്മാരെല്ലാം മൊക്ഷമെന്നിയെ മറ്റു തന്നാലായതു കൊടുത്തീടുവൊരെ
ത്രെനാഥ സർവ്വഭീതിയും തീർത്തു രക്ഷിക്കുന്നു ദുർഗ്ഗാദെവി സർവ്വസംസാരത്തെ
യും ശാസ്താവു രക്ഷിച്ചീടും സർവ്വവിഘ്നങ്ങളെയും കളയും ഗണാധിപൻ സ
ർവ്വസമ്പത്തുകളെ കൊടുക്കും ലക്ഷ്മിദെവി സർവ്വൈശ്വര്യങ്ങൾ നൽകും താരകാ
നാഥൻ ഭദ്രെ സർവ്വ ചാപൂർന്ന്യന്നൽകും താരകാധിപൻ നാഥെ സർവ്വരൊഗങ്ങ
ളെയും കളയും ദിനകരൻ സംകൽപ്പിച്ചവന്നൽകും പാവകാദെവനെടൊ
സർവ്വഭൊഗങ്ങളെയും കൊടുക്കുന്നു ദിനകരൻ ഇത്ഥമൊരൊരൊ ഭൊഗന്നി
ത്യമല്ലറികെടൊ നിത്യമാം പുരുഷാർത്ഥം കൈവല്യമറികന്നി അതിനമല
മുത്മാവിക്കലെരതിയെല്ലൊ അതിന്നുഹെതുവിഷയങ്ങളിൽ വൈരാഗ്യം
കെൾ വിഷയവിരക്തിക്കുകാരണം വിഷ്ണുഭക്തി വിഷ്ണുവിങ്കൽ ഭക്തരായുള്ളൊ

ക്ഷകാമികളായ ജനങ്ങൾ നാരായണസ്വാമിയെ ഭജിക്കേണം ജനന
മരണദുഃഖങ്ങൾ വെർപെട്ടുമെന്നാൽ ഈശ്വരനെ വന്ദനങ്ങൾ ചെയ്തു കെട്ട
നെരമീശ്വരീഭഗവതി പാൎവ്വതി ചൊദ്യം ചെയ്യാൻ വിഷയചിത്തരാ
യിസംസാരിജനങ്ങളാൽ വിഷയഹൃദയന്മാരായ മനുഷ്യൎക്കെല്ലാം എന്തെ
ന്തുപായംകൊണ്ടു മാനസം വിഷ്ണുവിങ്കൽ സന്തതമുറപ്പിച്ചീടാവുകാ
രുണ്യാംബുധെ പാൎവ്വതിദെവീ പുനരിങ്ങിനെ ചൊദിച്ചപ്പൊൾ ദെവദെ
വെശൻ പരമെശ്വരനതു ചെയ്തു മുന്നം വൎണ്ണിതു വിഷയത്തിൽ വൈ
രാഗ്യന്തന്നെ പിന്നെ മാനസം കൃഷ്ണങ്കലെയുറപ്പിക്ക ഭഗവൽഭക്തിയു
റച്ചീടുവാൻ പിന്നെനിത്യം ഭഗവൽഗുണപ്രകാശങ്ങളാന്തപങ്ങളാൽ
സ്തുതിച്ചുമെവം പൂജചെയ്താൽ ഭക്തിയുമുള്ളി ലുദിച്ചുവൎദ്ധിച്ചുവന്നിടുമെന്ന
റിഞ്ഞാലും എന്നതു കെട്ടു വിചാരിച്ചിതു ഭഗവതി പിന്നെയുമതു മെ
ന്നൊടരുളിച്ചെയ്തീടെണം എന്തൊന്നു മുക്തികരമായിരിക്കുന്ന സ്തൊത്രമെ
ന്തൊരു ജാതി നിത്യാഭ്യാസ്യമെന്നതെല്ലാം ചൊദിച്ചനെരം പരമെശ്വരന്തി
രുവടി മൊദമുൾക്കൊണ്ടു മന്ദഹാസം ചെയ്തതും ചെയ്തു കെട്ടാലും യഥാ
ൎത്ഥവൎണ്ണനമായിട്ടും സ്തൊത്രം ശ്രെഷ്ഠമായതു നാനാ സ്തൊത്രങ്ങളെല്ലാറ്റി
ലും ജനനമരണാൎത്തന്മാരായി വലയുന്ന ജനത്തെ കനിച്ചുള്ളിൽ കൃഷ്ണനു
കൃപയുണ്ടാം ഭക്തിവൎദ്ധനമായ സ്തൊത്രത്തെക്കൊണ്ടു നിത്യം ചിത്തശു
ദ്ധന്മാരായി സ്തുതിച്ചാൽ ഭക്തിയുണ്ടാം എന്നതുൾ ചെയ്തനെരം ചൊദിച്ചു ഭ
ഗവതി എന്നൊടസ്തൊത്രമതുൾ ചെയ്യെണം ഭഗവാനെ യാതൊരു സ്തൊ
ത്രംകൊണ്ടു ഭഗവാൻ നാരായണൻ ആദരാൽ സന്തുഷ്ടനായീടുന്നു ഭഗവാ
നെ സന്തതം ഭവാൎത്തന്മാരായുള്ള ജനങ്ങളി ലന്തരാത്മനി കൃപയുണ്ടാമി
വരുമെന്നൊ ഭക്തിവൎദ്ധന സ്തൊത്രം ജപിച്ചീടുവൊൎക്കൊരു സങ്കടം ജനി
മൃതികൊണ്ടാക്കുമുണ്ടാസ്സുരാ സംസാരദുഃഖസമുദ്രത്തിൽ വീണാണിടുന്നെൻ
കംസാരെ ഭവാനെ ഞാൻ ശരണം പ്രാപിക്കുന്നെൻ അന്യമാശ്രയമില്ല ഭവ
ല്പാദാംഭൊരുഹമെന്നിയെ രക്ഷിച്ചുകൊള്ളുണമെന്തു പുരാതന കെചന
സുകൃതികൾ ഭഗവൽസ്തുതികൊണ്ടു കെശവപ്രസാദത്തെയുണ്ടാക്കിച്ചമെ
ക്കുന്നു അച്ചനംകൊണ്ടും കെചിൽ ധ്യാനംകൊണ്ടന്യെ ചില വിജ്ഞനമപ്പ

നവിൽപെട്ടൊന്നിനും പാത്രമല്ലെ എങ്കിലുമെന്നിൽ കൃപയുണ്ടാകവെണം
പൊറവി സങ്കടമുള്ളവരിലല്ലൊ കൃപയെത്രെ സാഫല്യമുള്ളു പിന്നെ
സ്സുകൃതിജനങ്ങളൊ കെവലന്തങ്ങടംതന്നെ സുഖികളെല്ലൊ ന്യൂനം നി
ന്തിരുവടിതന്നെ സ്തുതിപ്പാനാരംഭിക്ക മന്ദതനൊളമല്ല മതികൾ മാറില്ലാ
രും നിന്തിരുവടിയുടെ മഹിമാനത്തെ ച്ചൊൽവാൻ ചിന്തിച്ചാൽ വെദങ്ങ
ളുംക്കമറിയായ്കിലയല്ലൊ പിന്നെയിന്നാധികനായുന്നുടൻ സ്തുതിപ്പാ
നും മന്നനാഥന്മാരുള്ളിൽ മറെറൊക്കയും പെണ്ടതെല്ലൊ പ്രപഞ്ചസൃഷ്ടി
സ്ഥിതിസംഹാരാദികൾചൊല്ലി സ്തുതിക്കാമെന്നാലതും സ്തുതിയായ്വന്നകൂ
ടാ ആരവിന്ദത്തെയുള്ളതാക്കുമാനിരൂപിച്ചാൽ കാരുണ്യമൂർത്തെലൊകപ്ര
സിദ്ധമെല്ലൊനാഥ ഇന്ദ്രാദിദെവകളാൽജയിപ്പാനരുതാതൊരു ദിന്ദ്രാ
ദികളെക്കൊലചെയ്യുതെന്തൊരുചിത്രം മശകങ്ങളാലരുതാത്തകർമ്മത്തെയൊ
രു മദവാരണം ചെയ്യുന്നതൽഭുതമാമ്പന്നിടാ നരകന്മുതലായുള്ള സുരവ
രന്മാരെ പൊരുതുകൊന്നഭവാനെന്തൊരു ചിത്രം പ്രളയത്തി
ങ്കൽ ചരാചരമാം ജഗത്തെല്ലാം മെല്ലെതായൂസിതമായ്മങ്ങിടുന്നവെല്ലൊ
നരസിംഹരൂപംപൂണ്ടരൂപമെന്താശ്ചര്യമൊ സുരമാനുഷപശുപക്ഷികൾ
രൂപമെല്ലാം ചിന്തിച്ചാലഭെദമായുൾത്തിളച്ചിടുന്നിതെല്ലൊ നിന്തിരു
വടിതന്നൊടതുമത്ഭുതമല്ല ഒരുപെറുവ്വത മാത്രകൈകൊണ്ടുചുമന്നതും ക
രുതിടുകിലഭവാനാശ്ചര്യമല്ലയെല്ലൊ പർവ്വതവനാദിപരാക്രമങ്ങളൊടും
കൂടി ഉവ്വിയെസമുദ്രത്തിൽനിന്നുടൻദശനത്താൽ പൊങ്ങിച്ചതൊത്തു
കണ്ടാലത്ഭുതമല്ലയെതു ഹിംഗിനെ ശാവല്യം പൊങ്ങിച്ചരഖിലെ
ശാ യമുനാജലത്തിൽ കാളിയന്റെ മൂദ്ധാവിങ്കൽ പലവട്ടവും നൃത്തം
ധരിച്ചതെന്തത്ഭുതം പാലാഴിതന്നിലനന്തന്മെലെ നിദ്രകൊള്ളും നീ
ലനീരജനെത്രനിന്തിരുവടിക്കെത്താൽ മൂന്നുലൊകവും മഹാബലിയൊ
ടർത്ഥിച്ചുടൻ മൂന്നടിയാക്കിയളന്നതുമത്ഭുതമല്ല ഏരംരെഴുലൊകങ്ങളുമു
ദരത്തിങ്കലല്ലൊ വാരിജെക്ഷണനെ വസിച്ചിടുന്നു സദാകാലം എത്ര
യുംസമത്ഥനായുള്ളിട്ടൊനായിരിക്കിലും ശക്തനല്ലെല്ലൊ ഭവാനെ സ്തുതി
പ്പതിനെന്നാത്താൽ അല്പപ്രജ്ഞന്മാർ ഗുണകഥനം ചെയ്കിടിനാൽ തപ്പ്രു

തിരുവടിപ്പാനാസ്തുതിയായിവന്നുകൂടാ ഗുണകീർത്തനംതന്നെസ്തുതിയാകുന്ന
തെങ്കിൽ ഗുണഹീനന്റെ പരമാർത്ഥമായുള്ളപദം സൽഗുണമായരൂപമ
സത്യമെന്നതാന സകലശ്രുതികളും ചൊല്ലുന്നുദയാംബുധെ എന്നാലും
സ്തുതിയൊഗ്യംഭവല്പാദാബ്ജമെന്ന വന്നാലുംസ്തുതിപ്പതിനശക്തനെല്ലൊ
ഞാനം എന്നുടെഗുരുഭൂതന്മാരാലുമചിന്ത്യമാ മെന്നതും പദസ്ഥിതാനാംഭ
വാനെവിടുത്തെ ചിത്രമൈശ്വര്യംചൊന്നാലൊടുങ്ങുന്നില്ലയെല്ലൊ തങ്ങൾ
തങ്ങൾക്കുള്ളൊരു ദുഃഖങ്ങളെല്ലാം പുനരങ്ങുണർത്തിക്കയെന്നിമറ്റന്യസ്തുതി
യിവിടെ മൂഢാത്മാക്കൾക്കുപുനരിമന്ത്രംകൊണ്ടുതന്നെ ഗാഢമാംകാരുണ്യമു
ണ്ടായ്വരും മഹാത്മനാം ദുഃഖിതന്മാരെക്കുറിച്ചുൾക്കാമ്പിൽകൃപയുണ്ടാം മൂഢ
ന്മാർക്കെന്നുള്ളതുംവിഖ്യാതങ്ങളാഗതികൾ അതുമിപ്പോൾകൊണ്ടുമുള്ളതിന്നാ
ശംകൊണ്ടും പുത്രദാരാദികൾക്കുണ്ടാകുംപീഡകൾകൊണ്ടും ശത്രുക്കൾപ്പൊ
കൽനിന്നുണ്ടാകുന്നഭയംകൊണ്ടും മിഴുവസ്തുത്തിനുണ്ടാമനർത്ഥങ്ങളെക്കൊ
ണ്ടും ഇഷ്ടന്മാരൊടുവിയൊഗംവരുന്നതുകൊണ്ടു മിഷ്ടമല്ലാതവരൊടുള്ള
സംയൊഗംകൊണ്ടും ഘൊരമായുള്ള മഹാവ്യാധികൾകൊണ്ടുംപുനരൊരൊ
രൊദുഃഖങ്ങൾ ചൊല്ലാമല്ലഭഗവാനെ ഉട്ടൊഴ യാതെയുള്ളപാപഫലങ്ങളെ
ല്ലാം നഷ്ടമാക്കുവാൻദീക്ഷിച്ചിരിപ്പൊന്നെല്ലാതവ പാദപത്മങ്ങളെ
ന്നാലതിങ്കലെൻറചിത്തം എത്രമെയ്യുറക്കുന്നതല്ലമൽപാപബലാൽ ത
ന്നുടെമനൊവശതകൊണ്ടുസുലഭമാം നിന്നുടെപാദാംബുജം ലൊകനാ
മാർത്തിഹരം എന്നുടെമനസ്സൊരൊവിഷയന്നിമിത്തമാ യെന്നുടെവശ
ത്തുവന്നിടുന്നിതല്ലയെല്ലൊ വിഷയപ്രധാനന്മാം പുരുഷന്മാനിക്കുണ്ടൊ
വ്യസനമുണ്ടാകാതെവരുന്നു ഭഗവാനെ ബലിശമാംസംപൂണ്ടുവിഴുങ്ങും മത്സ്യ
മുണ്ടൊ മരണംപ്രാപിയാതെ ജീവിച്ചിടുന്നു നാഥ യാതൊരുധനമിതി
ക്കിപ്പൊഴുള്ളതുപിന്നെ യാതൊന്നുലഭിപ്പാനായിരിക്കുന്നതുനാഥ ഇ
ത്ഥമൊരൊരൊ വിഷയശ്രദ്ധരകൊണ്ടുമമ ചിത്തത്തിലുള്ളദുഃഖമൊക്കവെ
ചൊല്ലീടുവാൻ എന്നുടെഗുരുഭൂതന്മാർക്കും ശക്തിപൊരാ പിന്നെ ഞാ
നെന്തുപറയുന്നു ഭഗവാനെ എപ്പൊഴുംവിഷയഭ്രാന്തികളാലുണ്ടായ്വ
രുമൽപാപഫലമെല്ലാമെത്രവത്സരംഇന്നാൾ എപ്പൊഴുമനുഭവിച്ചാ

ട്ടങ്ങികൂട്ടുന്നു ഞാൻ ഇപ്പൊഴത്തെതുമറിയുന്നെനല്ലയ്യൊകഷ്ടം മാനസമായുമിത്ഥം കാമികമായുമുള്ള നാനാദുഃഖങ്ങൾകൊണ്ടുപീഡിക്കുമെന്റെ ചിത്തം കുണ്ഡലിതന്നാൽ ഗ്രസിക്കപ്പെട്ടഗളസ്ഥമാം മണ്ഡൂകമ്പൊലെ ഭയപ്പെട്ടിരിക്കുന്നുപൊററി ഇനിക്കു ഭഗവാങ്കൽ ഭക്തിയുണ്ടെന്നതാകിൽ കന്നുക്കുദുരിതവുമുണ്ടാകയില്ലനൂനം എന്നുടെ പാപങ്ങളിനാലുറെക്കുന്നീല ഭക്തി പിന്നെയെങ്ങിനെ ദുഃഖത്തൊടുവെർപെടുന്നു ഞാൻ നിന്തിരുവടിക്കെന്നിൽ കരുണയുണ്ടെന്നാകിൽ സന്താപമെല്ലാന്തീരും ഭക്തിയും വർദ്ധിച്ചീടും ഭക്തിയെയന്നൊഴിഞ്ഞൊന്നുമർത്ഥിച്ചീടുന്നെനല്ല ഭക്തിയുണ്ടായാൽ മറെറാന്നും വെണ്ടതുമില്ല ദുഃഖിതനാകുമെന്നെക്കുറിച്ചു കാരുണ്യവുമുൾക്കാമ്പിലുണ്ടാകെണം സതതം രണ്ടയാനിയെ രൊഗിയായുള്ളവനെക്കുറിച്ചു ഭിഷക്കിനാൽ വെഗെന കരണീയം ഭെഷജം സിദ്ധൌഷധം അർത്ഥിയായുള്ളൊരു ഞാനെത്രയും നീചനെല്ലൊ അത്യർത്ഥമുന്നതിമാനഭീയാചിതൻ ഭവാൻ ഉപകാരത്തെനിരൂപിച്ചല്ല മഹാത്മാക്കൾ കൃപയെച്ചെയ്തീടുന്നു ദീനന്മാർവിഷയമായമ്പിനൊടൊരുത്തനെക്കുറിച്ചുകൃപയുള്ളിൽ സംഭവിച്ചീട്ടന്നാകിൽ നിന്തിരുവടിക്കിപ്പൊൾ മുമ്പിനാലെന്നെക്കുറിച്ചുണ്ടാകവെണം നാഥ സമ്പ്രതി ദുഃഖിതനായിത്രിഭുവനത്തിങ്കലെന്പൊരറിവിമയ സമനായിട്ടില്ലൊരുത്തനും നിമ്പാദാംബുജമെല്ലാനെരവും വണങ്ങുന്നെൻ കാക്കൽവീണുടൻ നമസ്കരിക്കയൊഴിഞ്ഞുമ വെറൊക്കെമ്പൊളനുഗ്രഹകാരണമില്ലയെല്ലൊ_സെവകജനത്തിൻെറ ദുഃഖങ്ങളെ വാനാസ്സാവധാനതാന്തന്നെ ശ്രെഷ്ഠന്മഹാത്മനാം ദുഃഖതാംബുധിയിൽനിന്നുദ്ധരിപ്പിച്ചീടുവാനുൾക്കാമ്പിൽ ഭവാനെന്തുദണ്ഡമില്ലതുപാത്താൽ_സൃഷ്ടിയും സംഹാരവുമിക്കണ്ടജ്ജന്നങ്ങൾക്കു ദൃഷ്ടിതൻവികാരവുമുടനെനിമെഷവും ഇത്രമാത്രമെവെണ്ടൂ കെവലമെന്നെ ദുരിതാബ്ധിയിൽനിന്നുകരെറിടുവാനെന്തുദണ്ഡം ദുരിതം ചെയ്യാനിവനെന്നുപെക്ഷിക്കുന്നാകിൽ പെരികക്കുറവമടിയനില്ലെന്നറിയെണം ശിക്ഷിക്കവെണം ദാസജനത്തെ ഭർത്താവുതാൻ ശിക്ഷിതാവിന്നത്ന്നെകുറവമാസ്സുതമെത്രെ അപരാധങ്ങൾ പലചെയ്യാനെങ്കിലുമുള്ളിൽ കൃപണന്മാരെക്കുറിച്ചെത്തുമെ ദൊഷമതിനുണ്ടാകുന്നീല മഹാപുരുഷന്മാക്കപ്പു

ന രുണ്ടാമൊ ഭഗവാനപരാധകൎത്താവായെകൻ ഞാനെററമനുചിതം പറ
ഞ്ഞെനെന്നാകിലും നൂനം നിന്തിരുവടിപൊറുത്തുകൊൾകവെണം നി
ന്തിരുവടിയുടെമായയാമൂഢത്മാവായസ്ഥനാം ഞാനെങ്ങിനെയുചിതമ
റിയുന്നു ക്ഷത്തരമാലാപംകൊണ്ടച്യുതപാദമൂലെ നിത്യവുംവിപത്തുകളുറി
യിച്ചിടുന്നാകിൽ ഭക്തിയുംകൊടുത്തീടുമാപത്തുംകെടുത്തീടും ഭക്തവത്സ
ലനായഭഗവാന്നാരായണൻ ഭക്തിവൎദ്ധനസ്തോത്രമെന്നാലെ ചൊല്ല
പ്പെട്ട ഭദ്രെ ചൊല്ലിനിമെന്നുകെൾക്കെണ്ടതാമനാഥെ എന്നരുൾചെയ്യു
നെരം ചൊദിച്ചു ഭഗവതി ; ഒന്നരുൾചെയ്യവെണമിനിയും പക്ഷപാത
കാശ്യപിയനും ചതുൎമ്മുഖനും പ്രാൎത്ഥിക്കയാൽ ആശ്രിതജനപരായണനാം
നാരായണൻ വിലപാദിതങ്കൽ പ്രാദുൎഭാവമുണ്ടായ വാറു മെല്ലാമെയരുൾ
ചെയ്യുകെൾക്കെണമിനിക്കിപ്പൊൾ, കെട്ടാലുമെങ്കിലതിൻകാരണമെല്ലാം
നാഥെ ശ്രെഷ്ഠമാം കൃതത്രെതാദ്വാപരയുഗം മൂന്നും കഴിഞ്ഞുകലിയുഗം പ്രാ
പ്തമായൊരുകാലം ഒഴിഞ്ഞുധൎമ്മപാദംമൂന്നുമെന്നറിഞ്ഞാലും വിപ്രക്ഷ
ത്രിയവൈശ്യശൂദ്രവൎണ്ണങ്ങൾനാലും അപ്പൊൾസംകരമായിതുടങ്ങികലി
ബലാൽ ദാനവപ്രവരന്മാരതുകണ്ടാക്കത്തക്ക മാനസമൊത്തുചെന്നു
ഭാഗ്യവാന്തന്നെക്കണ്ടാൻ കാക്കൽവീണൊക്കനമസ്കരിച്ചുചൊന്നാരവർ
കെൾക്കെണമവസ്ഥകൾനിന്തിരുവടിയിപ്പൊൾ മാതാപായതുംപിതാവാ
യതുമാചാൎയ്യനും ഭ്രാതാവുമറവുമില്ലടിയങ്ങൾക്കനാഥമന്നംദൈവക
ളുടെയന്നൂജാലങ്ങളെറവു സന്നന്മാരായാർചിലർമൊഹിച്ചുചിലരെല്ലാം
ഒന്നുമെദന്നതുൾചെയ്യുനിന്തിരുവടിനിങ്ങ ളിന്നിപ്പൊളടങ്ങുകനിങ്ങൾ
ക്കജയംവരാ പാക്കെണംകൃതത്രെതാപാദംകഴിവൊളം തൊൽക്കയുമില്ല
പിന്നെകലികാലത്തുനിങ്ങൾ ധൎമ്മവുംക്ഷയിച്ചുപൊമധൎമ്മംവൎദ്ധിച്ചീ
ടും കൎമ്മങ്ങൾവഴിപൊലെചെയ്കയുമില്ലാതമെ രാഗാദിദൊഷങ്ങളാൽകാ
മക്രൊധങ്ങളൊടും രൊഗവുംവൎദ്ധിച്ചിടുംമാനുഷന്മാൎക്കുനിത്യം ദൈവകളു
ത്തുമൂലംദുൎബ്ബലന്മാരായുള്ളതും ആവൊളംസുഖിച്ചിരിക്കാമെന്നുനിങ്ങൾക്കെ
ല്ലാം അങ്ങിനെയുള്ളകാലമിപ്പൊൾസംഭവിച്ചിതു ഞങ്ങളെന്തിനിയൊ
ന്നുചൊല്ലെണ്ടതരുൾചെയ്ക നിന്തിരുവടിയെന്നുദൈത്യന്മാർചൊന്ന

നെരം സന്തുഷ്ടാത്മനാഭൃഗുപുത്രനരുൾചെയ്തു യുദ്ധത്തിന്നൊരുമ്പെട്ടു
ചെല്ലുവിന്നിങ്ങളെന്നു സതാരം ശുക്രനരുൾചെയ്തതുകെട്ടനെരം ദെവ
കളൊടുയുദ്ധംതുടങ്ങിദൈത്യെന്ദ്രന്മാർ ദെവവൈരികളൊടു തൊറ്റിതുദെവ
കളും ക്ഷീരസാഗരംപ്രാപിച്ചനന്തശായിതന്നെ ഒരൊരൊതരംചൊല്ലി
സ്തുതിച്ചുവിബുധന്മാർ പാകശാസനപ്രമുഖന്മാരൊടതുനെരം യൊഗനി
ദ്രയുമുണർന്നരുളിച്ചെയ്തുനാഥൻ, താമരസൊത്ഭവതന്റെപ്രാർത്ഥനനിമിത്തമാ
യാമലകനെയനുഗ്രഹിപ്പാനായിക്കൊണ്ടും ധർമ്മസംസ്ഥാപനത്തിന്നായ്ക്കൊ
ണ്ടിന്നിനിങ്ങളുടെ ധർമ്മത്തെവരുത്തുവാനായ്ക്കൊണ്ടുമിതുകാലം വില്വാ
ദ്രിതന്മെൽശിലമയനായ്ക്കൊണ്ടുവസി ച്ചുള്ളലൊല്ലാക്കും തീർത്തുകൊള്ളുവൻ വി
രവിൽഞാൻ ഭക്തന്മാർക്കെല്ലാം കർമ്മബന്ധവും തീർത്തുപിന്നെ മുക്ത്യർത്ഥ
മനുഗ്രഹിച്ചീടുവൻസുരന്മാരെ നിങ്ങളുമിപ്പൊൾ വെലവരുത്തുകളൊന്നു
ന്നീടു മഞ്ചുപൊസ്സ്വർഗ്ഗംപുക്കസുഖിച്ചുവസിച്ചാലും എന്നരുൾചെയ്തു
നെരംദെവകൾസന്തൊഷിച്ചു ചെന്നുടൻതന്റെതന്റെഭവനമകംപു
ക്കാർ തദനുനാരായണന്നവനൊടരുൾചെയ്തു ഞാനിഹശിലരൂപിയാ
യത്രവസിക്കുന്നെൻ മാനസഭക്തിയൊടുമെന്നെപ്പൂജിച്ചുനിത്യം മുക്തി
യെലഭിക്കനീയെന്നനുഗ്രഹഞ്ചെയ്തു തത്രൈവശിലയിങ്കലന്തർദ്ധാനവും
ചെയ്തു പിന്നെത്താൻ കരചരണാദ്യവയവത്തൊടു മസ്ഥിതമായിട്ടുള്ളൊ
രായുധഗണത്തൊടും ശ്രീഭൂമിമാരായുള്ളദെവിമാരൊടുംകൂടി പാപനാശ
നമഹാലൊകർക്കുകാണുംനെരം അറിയാമൊരുശിലരൂപിയായ്ക്കൊണ്ടൊരുന്നു
മറകളുടെമറപ്പൊരുളാം ജഗന്നാഥൻ അന്നെരംപുഷ്പവൃഷ്ടിപൊഴിച്ചാർ
ദെവകളും ദുന്ദുഭിനാദങ്ങളുമുഴക്കീടിനാരല്ലൊ മുപ്പത്തുമുക്കൊടിദെവകളു
മൊരുമിച്ചിട്ടപ്പൊഴെഭഗവാനെസ്തുതിച്ചുതുടങ്ങിനാർ അനന്തരങ്ങളുന്നി
ങ്ങിബലവാന്മാരായെറവും മനസ്സന്താപവും പൂണ്ടുവിബുധന്മാരെക്കണ്ടു
ദൈത്യന്മാർചെന്നുശുക്രനൊടുനിരൂപിച്ചാ രാസ്ഥയാദിതിജന്മാ
രൊടുശുക്രനുംചൊന്നാൻ തപസ്സുകൊണ്ടെസാധിക്കാവിതുനിങ്ങളിനി
തപസ്സുചെയ്കയെന്നുചൊന്നതുകെട്ടനെരം കുംഭനാസനുംചൊന്നാന്ന
മ്മുടെശത്രുക്കളൊ മുമ്പരൊസ്സുഖിക്കുന്നതെന്നുമെചെയ്കകൂട നമുക്കുസ

ബത്തുണ്ടായ്വരുവാനുപായമു   ണ്ടമൎത്ത്യന്മാൎക്കുനാശംഭവിപ്പാനിതുനികൾ
പ്പിൻ വിലപാദ്വിതന്നെയിപ്പോൾനമ്മുടെഭവനത്തിൽ മെല്ലെവെയ്യട്ടു
ത്തുവെച്ചീടുകവെണ്ടതെന്നാൽ നമുക്കുസമൃദ്ധിയും വൎദ്ധിച്ചുചമഞ്ഞീടു മ
ൎത്ത്യജനങ്ങൾക്കുനാശവുംവന്ധിച്ചീടും   എന്നതുകെട്ടനെരംഭാൎഗ്ഗവന്നു
രചെയ്യാൻ ചെന്നകൂട്ടുകയില്ലനിങ്ങൾക്കെന്നുശലത്തിന്മെൽ ദെവതാപ
സദ്വിജവാസമദ്ദിക്കനിങ്ങൾ  ക്കാവെശിപ്പതിന്നുതന്നെന്നതുധരിച്ചാലും
ഭാൎഗ്ഗവവാക്യംകെട്ടകംഭനാസനുംചൊന്നാൻ   കെൾക്കെക്കിടാനെദൈത്യന്മാ
രെമായയാതത്രചെന്നു   ബ്രാഹ്മണവെഷംപൂണ്ടുതെവഷ്ണവമായശില
ങ്ങാന്മെല്ലെപറിച്ചെറിഞ്ഞീട്ടുവന്നുപായത്താൽ ദുഷ്ടുപ്രധാനയാസ്സുന്നി
ട്ടുംഭൂമിയെന്നാൽ ദുഃഖവുംപിന്നെനമുക്കുണ്ടാകയില്ലതാനും  ഇത്ഥം
ദൈത്യന്ദ്രന്മാരൊടനുജ്ഞവാങ്ങിക്കൊണ്ടു തത്രബ്രാഹ്മണവെഷംകൈക്കൊ
ണ്ടുസമ്പ്രാപിച്ചാൻ  രാക്ഷസവെഷത്തൊടുംരാത്രിയിൽപശുമൃഗ  വൃ
ക്ഷഭൂദെവന്മാരെക്കൊന്നുടൻഭക്ഷിക്കയും  ബ്രാഹ്മണവെഷംപൂണ്ടുപക
ൽസഞ്ചരിക്കയും ഭൂമിയിൽപശുമൃഗജാതികൾകുറക്കയും ശ്വാനീശകാംസ
സ്ഥികളൊരൊരൊദിക്കതൊറും  കാണായ്വന്നതുകണ്ടുലൊകരുംനിശ്വ
സിച്ചാർ  പണ്ടെങ്ങുംകാണാതൊരുപുരുഷനെന്നൊരപ്പൊൾ ഉണ്ടീവകകാണാ
കുന്നുദെശഗെഹങ്ങൾതൊറും  രാത്രിയിലൊരിടത്തുംകാണ്മാനുമില്ലതാനും
രാത്രിചാരികളുടെമായമല്ലല്ലീസതവെ  ശ്വാമൃഗാദ്ധ്വിജാദികളസ്ഥികളുണ്ടു
കാണ്മാൻ ഭൂമിയിൽചത്തുകിടക്കുന്നതുംകാണ്മാനില്ല  നെരല്ലിക്കാണാക
ന്നുപുരുഷനെന്നതും  പാരാതെവിരവെയണിമിഹനരാത്രിതൊറും  ഇ
ങ്ങിനെശംകാമഹാലൊകൎക്കുതുടങ്ങിയ  തങ്ങളിലുണ്ടായിരിക്കുംഭനാസനു
മപ്പൊൾ  പാൎക്കയല്ലിനിക്കാൎയ്യംസാധിക്കവെന്നാമന്നാ  ത്തുക്കൊണ്ടുഷി
ബ്ലുലിംഗംപറിച്ചുകളവാനാ  യ്രാത്രിയിൽചെന്നുപിടിച്ചിളക്കിയതുമൂലം
ധാത്രീമണ്ഡലത്തൊടുംക്ഷൊഭിച്ചുലൊകമെല്ലാം  തൽക്കാലെശിവലയിങ്ക
ൽനിന്നുടൻപുറപ്പെട്ടു  ചക്രശംഖുഗദാധരന്മാരുണ്ടായ്വന്നു  ഞാന
ഷ്ടരാതുമറിയാതെനിഗ്രഹിച്ചിതു  ദാനവപ്രവരനാംകദനാസനെയ
പ്പൊൾ  പരമശരനും ബ്രഹ്മാവുമതുകണ്ടു  ചരണാംബുജങ്ങളിൽ

വണങ്ങിസ്തുതിചെയ്തു ഇന്നുതൊട്ടസുരന്മാരാരുമീഭൂമിതന്നിൽ വന്നുസ
ഞ്ചരിക്കയുമില്ലെന്നുധരിച്ചാലും എന്നെവന്നിനിനിത്യന്നിങ്ങളിങ്ങിരിവ
രും വന്ദിച്ചീടുകവെണംവിണ്ണവരെല്ലാരൊടും എന്നരുൾചെയ്തു ലൊകാ
നുഗ്രഹംവരുത്തുവാൻ പിന്നെയശ്ശിലയിങ്കൽമറഞ്ഞുഭഗവാനും ഇത്ഥം
ശ്രീനാരായണന്തന്നുടെനിയൊഗത്താൽ നിത്യസാന്നിദ്ധ്യമുണ്ടുദെവക
ൾക്കെല്ലാനാളും വില്വാദ്രിതങ്കലെന്നുധരിക്കശൈലാത്മജെ കല്യാണ
ശീലെപുനരെന്തുകെൾക്കെണ്ടതെന്തെടൊ കെൾക്കെണ്ടതൊന്നുണ്ടിതിലിനി
ക്കുപശുപതെ ആഖ്യാനംചെയ്കീടെണമതിനെവഴിപൊലെ നരകഭ
യംകൊണ്ടുദെഹികളെല്ലാവരും നരകംകാണാതവകാശംവരുത്തുവാ
ൻ പെരികക്കർമ്മങ്ങളെച്ചെയ്യുന്നതിനെന്തൊന്നും നരകംകാണാതവരെങ്ങി
നെയവിയുന്നു നരകവെദനകളഖിലെശ്വരപൊററി അറിഞ്ഞീടാത്ത
തിനെയറിവാനുപായമെന്തരുളിച്ചെയ്കവെണമെന്നൊടുഭഗവാനെ
അരുളിച്ചെയ്താൻപരമെശ്വരന്തിരുവടി പരമെശ്വരിഭദ്രെകെട്ടാലുമതുമെ
ങ്കിൽ വിദ്വാന്മാർശ്രുതിപുരാണസ്മൃതികളെക്കൊണ്ടു ചിത്തത്തിൽനര
കദുഃഖങ്ങളെക്കണ്ടീടുവൊർ അജ്ഞന്മാരൊടുപറഞ്ഞവരുമറിയിക്കും പ്ര
ജ്ഞതയുള്ളവർകെട്ടുസത്യമെന്നുറച്ചീടും നരന്മാരതിന്തക്കൊർചിലകർമ്മം
ചെയ്തു നരകംകണ്ടുവീണ്ടുഭൂമിയിൽവന്നീടുവൊർ എന്നതുകെട്ടുചൊ
ദ്യഞ്ചെയ്തിതുഭഗവതി പിന്നെയുംമഹാദെവന്തന്നൊടുകുതൂഹലാൽ എ
ങ്ങിനെയുള്ളകർമ്മംചെയ്തൊരുജന്മംകൊണ്ടു അങ്ങുചെന്നിങ്ങുവന്നുവസി
ച്ചീടുന്നുചിലർ എന്നചൊദ്യത്തെക്കെട്ടുഭഗവാനരുൾചെയ്തു നന്നായി
കെട്ടുകൊൾകസുന്ദരിഗിരിസുതെ നിത്യമായുള്ളദാഭ്യാസഞ്ചെയ്യാത്മശുദ്ധി
യൊടും വൃത്തിയുംപിഴയാതെവാഴുന്നഭൂദെവന്മാർ എന്നെത്താൻനാരാ
യണന്തന്നെത്താൻപ്രസാദിപ്പിച്ചനപഹന്തപൊമ്പലംകൈക്കൊണ്ടുവ
ഴിപൊലെ തങ്ങൾക്കുവെണ്ടുന്നെരംദെഹത്യാഗവുംചെയ്തു ഇങ്ങിനെയു
ള്ളജനംപലരുമുണ്ടുനാഥെ എന്നതിലൊരുവിപ്രന്തന്നുടെവൃത്താന്തംകെ
ൾ അന്നന്നുകൃഷ്ണപക്ഷത്തിൽചതുർദ്ദശിദിനം എന്നെപ്പൂജിച്ചുപലകാല
വുംചെന്നശെഷം സന്തുഷ്ടനായ്സ്വപ്നത്തിൽചൊദിച്ചെനവന്തന്നൊ

ടെന്തഭീഷ്ടമെന്നാലുമാശ്രുനൽകുവനിപ്പൊൾ എന്നപ്പൊൾഭക്തിയൊടുമ
ൎത്ഥിച്ചാൻവിപ്രൊത്തമൻ പന്നഗവിഭൂഷണപരമെശ്വരപൊററിയമലൊ
കവുമൊരൊയമദണ്ഡങ്ങളെയു മമതന്നരജന്മജനനമൃതികളും ഇജ്ജന്മം
കൊണ്ടെകാണ്മാനിച്ശയുണ്ടിനിക്കിപ്പൊൾ സംജാതനാംനിനക്കതിനെന്തു
മെന്നനുഗ്രഹം കൊടുത്തു മറഞ്ഞാനെന്നറിഞ്ഞുയമനപ്പൊൾ ബ്രാഹ്മണൊ
ത്തമജീവൻയാതൊരുദെഹത്തിലാമ്മാറുപകൻകൊണ്ടങ്ങെഴുപത്തുരണ്ടു
കൊടിയൊജനവഴിപിന്നിട്ടുചെല്ലുന്നെരം കൂടയൊരൊരൊജനങ്ങളെയുംപാ
പത്തിനൊത്ത വെല്ലാരമായുള്ളദണ്ഡംപലവുംകാണായ്വന്നു വെദനാസഹി
യാത്തുകരയുംകരച്ചിലും വെദജ്ഞനായവിപ്രന്തന്നിക്കുകെൾക്കായ്വന്നു എ
ന്നതുകെട്ടുകാരുണ്യാൎദ്രമാനസനൊടു പിന്നെയുംചൊദ്യംചെയ്തുപാൎവ്വതീഭഗവ
തീ എന്തൊരുകൎമ്മംചെയ്യാൽകാലദൂതന്മാരെല്ലാ മന്തസ്താപംനൽകാതെസൌ
ഖ്യനാകൊണ്ടുപൊവു തല്ലുകയുംചുട്ടമണൽതന്നിലിട്ടിഴക്കയും മുസ്തരംകൊ
ണ്ടുചുററുനിന്നുകൊണ്ടടിക്കയും ഇത്തരംദണ്ഡമൊന്നുംകൂടാതെയമലൊ
കത്തെത്തുവാനുള്ളപെരുവഴിയെന്നുള്ളനാഥ കാലദണ്ഡന്മാരെത്തുംദ
ണ്ഡിപ്പിയാതെകണ്ടു കാലമന്നിരത്തിങ്കൽകാലമെകൊണ്ടയാക്കുംമാൎഗ്ഗ
സിമനിനടക്കാവുചെച്ചീടുന്നാകിൽ മാൎഗ്ഗമാത്തുയങ്ങലൂടെപൊവൊരെ
ന്നവികനി വാഹനങ്ങളെക്കൊടുക്കുന്നവരെക്കല്ലാന്നല വാഹനത്തി
ന്മെൽകൂടിപൊകാമെന്നവികനി ച്ഛത്രംനൽകുകിൽതണനിഴലിൽക്കൂടെ
പ്പൊകാം തണ്ണീർനൽകീടുന്നൊൎക്കുദാഹംകൂടാതെപൊകാം അന്നംന
ൽകുന്നൊൎക്കുമെത്തപ്പയെശിച്ചുകൊള്ളാം വിളക്കുവെപ്പിച്ചീടിൽവെളിച്ചം
കണ്ടുപൊകാം ഇപ്പകങ്ങൾനൽകീടുകിലില്ലവ്യാസിദ്ധിച്ചീടും യാതൊന്നു
സാധുക്കൾക്കുദാനംചെയ്യുന്നതെന്നാൽ പ്രീതിപൂണ്ടതിനനുരൂപമായ്വ
ജിച്ചീടാം എങ്ങിനെയുള്ളജനംസാധുക്കളാകുന്നതെ ന്നംഗജാരാതെക
നിഞ്ഞതുളിച്ചെയ്തീടെണം തന്നുടെകുലത്തിനുവിധിച്ചകൎമ്മംചെയ്തു പി
ന്നെത്താൻനിഷിദ്ധകൎമ്മങ്ങളെച്ചെയ്യാതെയും ഇങ്ങിനെയിരിപ്പവർസാ
ധുക്കളാകുന്നതു മംഗലശീലെദെവികെട്ടാലുമിനിയുംനീ വഴിപൊക്ക
രെത്തന്നിക്കാംവണ്ണംപൂജിക്കയും വഴിയെപിതൃദെവപൂജയെച്ചെയ്യുന്നൊ

ത്തു രാഗദ്വേഷാദിദോഷംകൂടാതെയിരിപ്പോൾ ഭോഗത്തിലഭിരുചിപാ
രമില്ലാതവരും എന്നെത്താൻ വിഷ്ണുഭഗവാനെത്താൻ ഭക്തിയോടെ സം
ശമില്ലാതജനം ഭജിച്ചാലവർക്കെല്ലാം യമലോകപ്രാപ്തിയുംയമദണ്ഡവു
മില്ലുകമല്ലവിലോചനനെ കേട്ടാലും കഥാശേഷം ഗോപുരധ്വജപ്രാസാദാ
ലയങ്ങളെക്കൊണ്ടു ശോഭിച്ചയമാലയവാതുക്കൽ ചെന്നനേരം ബ്രാഹ്മ
ണനെയുമത്രനിൽക്കുന്നനിയോഗിച്ച യാമ്യന്മാരകംപുക്കാരവസ്ഥയറി
യിപ്പാൻ വാതുക്കൽനില്ക്കുന്നനരന്മാരൊരോപാപികളെ ഖേദിപ്പിച്ചീട്ടു
ന്നതുകണ്ടിതുദ്വിജോത്തമൻ. എന്നതു കേട്ടനേരം ചോദിച്ചു ഭഗവതി ഇ
ന്നകൊന്നങ്ങളിച്ചെയ്തീടെന്നു ഭഗവാനെ ഇന്നപാപങ്ങൾ ചെയ്താലിന്ന
ത്തുനരകമെന്നെന്നോട്ടുവഴിപോലെയരുൾചെയ്കയും വേണം. വല്ലഭ
കേട്ടാലുംനീ ബ്രാഹ്മണവധംചെയ്താൽ ചൊല്ലുവനറുപതിനായിരം സം
വത്സരം സന്തതംപൂയരക്തപൂർണ്ണമായുള്ളവിട്ടു മന്ധതാമിസ്രമായന
രകംഭുജിക്കേണം സൂകരഖരാദികളായ്ജനിച്ചീടും പിന്നെ രോഗികളാ
യും ചണ്ഡാലപ്പുരിഷകളായും മദ്യപാനത്തെച്ചെയ്യും ബ്രാഹ്മണരതുപോ
ലെ വിധതംരൌരവമാം നരകം ഭുജിക്കേണം അവനുമറുപതിനായി
രം സംവത്സരം അവനിതന്നിൽ കീടാദികളായിജ്ജനിച്ചീടും. സ്വർണ്ണ
സ്തേയനുമറുപതുനായിരത്താണ്ടു ചെല്ലുവോളവുംസന്തപ്ത താപനനര
കംകേൾ ദ്വിജദാരാദികളെ രഹസിപ്രാപിക്കുന്ന പുരുഷന്തന്നെച്ചു
ട്ടുപഴുപ്പിച്ചുള്ളചെമ്പിൽ പൂണർന്നുവാഴമറുപതിനായിരത്താണ്ടു ജനിക്കും
ഭൂമൌപിന്നെ സ്ഥാവരയോനികളിൽ നിർമ്മര്യാദനപരസ്ത്രീഗമനംചെ
യ്യുന്നോൻ ബ്രഹ്മസ്വമപഹരിച്ചീടുന്ന പുരുഷനും മുപ്പതിനായിരത്താണ്ട
സിപത്രാരണ്യമാം മുഖ്യമാം നരകത്തെ ഭുജിച്ചു കിടക്കേണം പക്ഷിജാതി
കളായിപിറക്കും പിന്നെയവൻ ദുഷ്കർമ്മങ്ങളും ചെയ്യാനനുവാദം ചെയ്യു
ന്നവൻ മുപ്പതിനായിരം സംവത്സരം നരകത്തിൽ എപ്പോഴും കിടന്നു ദുഃഖിച്ചീ
ടും മഹാഭാഗേ അന്തമില്ലാതവണ്ണമോരോരോദുരിതങ്ങൾ മറ്റുമുണ്ടവറ്റി
നും പ്രായശ്ചിത്തം ചെയ്തീടിൽ നരകജാലമനുഭവിക്കയില്ലനാകെ സ്വർ
ലോകം പ്രാപിച്ചു സുഖിച്ചുവസിച്ചീടാം എന്നെല്ലാം നാമം നരകങ്ങൾക്കു

ന്നരുൾചെയ്ക നിന്തിരുവടിയെന്നു പാർവ്വതി ചോദിച്ചപ്പോൾ കാമദേവ
ഷിയുമരുൾചെയ്തിതുകേട്ടാലുംനീ ; താമിസ്രംപുനരന്ധതാമിസ്രംകാലസൂ
ത്രം രൌരവംപിന്നെമഹാരൌരവംകുംഭീപാകം വൈതരണിയുമസിപ
ത്രാരണ്യവുംപിന്നെ സൂകരമുഖംകൂടശാല്മലിലോഹശങ്കു മിതിപതിനെട്ടുകൊ
ടിനരകമുണ്ടിങ്ങിന്നെ ദുരിതങ്ങൾക്കൊക്കവാറനുഭവിപ്പാനാ യിങ്ങിനെയു
ള്ളനരകങ്ങളെയെല്ലാംകണ്ടു തിങ്ങിട്ടുംമോദത്തോടുബ്രാഹ്മണൻനില്ക്കുന്നേ
രം ബ്രാഹ്മണന്തന്നെയനുഗ്രഹിപ്പാനായിട്ടുംഞാൻ ധാർമ്മികനായകാലന്ത
ന്നടെമുമ്പിൽവെച്ചന്നേൻ ഉത്തമനായ വിപ്രനിഷ്ഠമായുള്ളതെല്ലാം ദുഃഖങ്ങളെ
യ്യെണ്ണംനീയെന്നന്തകനോടുചൊന്നേൻ . പിന്നെഞാൻപുറപ്പെട്ടനേര
ത്തുകൃതാന്തനും ഒന്നൊഴിയാതെയിതുവിപ്രനോടറിയിച്ചാൻ ദണ്ഡപാ
ണിയെ നമസ്കരിച്ചു വിപ്രേന്ദ്രനും പിന്നെത്തന്നന്തഃപുരംപ്രാപിച്ചു കൃതാന്ത
നും യമലോകത്തിന്നുപോവാനുള്ളമാർഗ്ഗങ്ങളും യമലോകവും യമന്തന്നെ
യുമെന്നുവേണ്ട നരകവാസികളായുള്ളോരു ജനത്തെയും നരകങ്ങളെയും
കണ്ടാശ്ചര്യപ്പെട്ടു വിപ്രൻ ജീവനുണ്ടായി കണ്ണുംമിഴിച്ചാനതുകണ്ടു കേവ
ലംബന്ധുക്കളുംസന്തോഷംപൂണ്ടീടിനാർ ആശ്ചര്യത്തോടുകൂടച്ചോദി
ച്ചാരവർകളും ആശ്വസിച്ചിതൊ ഭവാന്തിന്നിതോ മോഹമെല്ലാം എന്നവർ
ചോദിച്ചതുകേട്ടൊരു വിപ്രോത്തമൻ മന്ദഹാസവുംചെയ്തുനോക്കിനാരെല്ലാ
രെയും ഭക്താനുകമ്പിയായ പരമേശ്വരന്തന്നെ ചിത്തത്തിലുറപ്പിച്ചു
ചൊല്ലിനാൻ വിപ്രോത്തമൻ നിങ്ങളെല്ലാരുമുംകുതിക്കൊണ്ടിതു കേൾപ്പിൻ
എന്നാകിൽ മംഗലംവരുവാനായുള്ള പൽവിശേഷങ്ങൾ മുന്നംഞാൻകൃ
ഷ്ണപക്ഷത്തിൽചതുർദ്ദശിതോറും പന്നഗാഭരണനാം ത്രൈലോക്യാധിപന്മദ്ധം
ശ്രീകണ്ഠൻ ചന്ദ്രചൂഡന്തന്നെപൂജിക്കമൂലം ഏകമാസപക്ഷത്തിൽ വന്നതുളി
ച്ചെയ്തുദേവൻ എന്തഭിമതന്തവനർക്കവൻ ചൊല്ലീടെന്നാൻ തന്തിരു
വടിയോടുഞാനൊന്നപേക്ഷിച്ചേൻ വിശേഷമരിച്ചാലുള്ള വസ്ഥയെ
ല്ലാമിനിക്കിജ്ജന്മത്തിങ്കൽതന്നെകാണായ്വന്നീടവേണം എങ്കിലവ്വണ്ണംവ
രുമെന്നനുഗ്രഹിച്ചിതു ശങ്കരൻ മഹേശ്വരൻ ശശിശേഖരൻ പരൻ അതുകാ
രണമായി സർവ്വദേഹികളുടെ മൃതിയും ഗമനവും പോകുന്നവഴികളും നര

കവാസികളായ്ദുഃഖിക്കുന്നവരെയും നരകങ്ങളെയും കാലനെയുമാശു കണ്ടേൻ എന്നതു ചൊന്നതു കെട്ടു ചൊല്ലിനാർ ബന്ധുക്കളും ഇന്നവയെല്ലാമൊക്ക നിങ്ങളെ കേൾപ്പിക്കേണം എന്നതു കെട്ടു ചൊന്നാൻ ബ്രാഹ്മണനവരൊട്ടു നന്നായി കെട്ടുകൊൾവിൻ ചൊല്ലുവനഖിലവും എത്രയും ദുഃഖപ്രദമായുള്ള വഴികളും മത്യന്തം സുഖപ്രദമായുള്ള വഴികളും പിന്നിട്ടു യമലോകം പ്രാപിച്ചു നരകങ്ങളൊന്നൊഴിയാതെ കണ്ടു ഗോപുരദ്വാരത്തിങ്കൽ നില്ക്കുന്നനെരം നാകമണി തൻ നാദം കെൾക്കായ് പുഷ്കരമാർഗ്ഗെ നിന്നുമെൽപ്പെട്ടു നൊക്കുന്നേരം ശരൽക്കാലാഭ്രം തൊൽക്കും കൈലാസശൈലം പൊലെ ഇരിക്കും വൃഷഭദേവനെയും കാണായ്വന്നു തൽകണ്ഠദേശെ വിളങ്ങീടിന പശുപതി ശക്രമുഖ്യാദി ദേവവൃന്ദവന്ദിതന്ദേവൻ ദീനാനുഗ്രഹപരനാകിയ കൃപാലയനാനന്ദമൂർത്തി പരമേശ്വരൻ ചന്ദ്രചൂഡൻ ലോകാധീശ്വരനജനവ്യയൻ മഹാദേവൻ യോഗിവൃന്ദാനുധ്യേയൻ ത്രീക്ഷണൻ നീലഗ്രീവൻ ഭൂതിഭൂഷണധരൻ ശാർദ്ദൂലചർമ്മാംബരൻ വേദവേദാംഗാത്മകൻ വേദാന്തവേദ്യൻ വിഭു നാഥനെ കണ്ടു വീണു നമസ്കാരവും ചെയ്തു അന്നേരം മംഗല്യാഗ്ര്യം കൊണ്ടെന്നെ വിളിച്ചുടൻ ചെന്നു ഭാസ്കരസുതൻ തന്നുടെ ഗൃഹം പുക്കു സംഭ്രമിച്ചെഴുനീറ്റു നമസ്കാരവും ചെയ്താൻ തമ്പുരാന്റെ പാദാബ്ജങ്ങളിൽ വീണു ഭക്ത്യാ എന്തു കാരണമെഴുന്നെള്ളുവാനിപ്പോളെന്നു ചിന്തിച്ചു ഭയപ്പെട്ടു നിന്നിതന്നൊന്നോതാഥ എന്നുടെ ഭക്തനാകും ബ്രാഹ്മണോത്തമനിവൻ തന്നുടെ മനോരഥം നൽകേണം ഭവാനിപ്പോൾ എന്നരുൾ ചെയ്തു മറഞ്ഞീടിനാൻ മഹേശ്വരൻ പിന്നെയെന്നോടു ധർമ്മരാജനും ചൊല്ലീടിനാൻ ബ്രാഹ്മണോത്തമ ഭവാനെന്തഭിമതമെന്നാൽ കാമ്യമായതു തരുവനഖിലവും എന്നതു കെട്ടു യമനോടു ഞാൻ ചോദ്യം ചെയ്തേൻ ഇന്ന കർമ്മങ്ങൾ ചെയ്താൽ നരകം പ്രാപിക്കുന്നു ഇന്ന കർമ്മങ്ങൾ ചെയ്താൽ സ്വർഗ്ഗത്തെ പ്രാപിക്കുന്നു എന്നു ഞാൻ ചോദിച്ചപ്പോൾ ധർമ്മരാജനും ചൊന്നാൻ ദശലക്ഷണമായ ധർമ്മത്തെ ചെയ്യുന്നവൻ ത്രിദശലോകം പുക്കു സുഖിച്ചു വസിച്ചീടും [1]സർവ്വഭൂതങ്ങളിലും കൃപയുള്ളവന്താനും [2]സർവ്വദാ ജനങ്ങൾക്കു നല്ലതു ചൊല്ലുന്നോനും [3]ജന്തു

കളെല്ലാമെന്നപ്പോൾ ചെയ്യുന്ന കതാരിൽ ചിന്തിച്ചു ദുഃഖേന്തിത്തുരക്ഷി
ച്ചീടുന്നവനും ശക്തിക്കുതക്കവണ്ണം ദാനങ്ങൾ ചെയ്യുന്നവനും സ്വർഗ്ഗലോ
കം പ്രാപിച്ചു സുഖിച്ചു വസിച്ചീടാം ഞാനതു കേട്ടു യമനോടു ചോദ്യം
ചെയ്തേൻ ദാനങ്ങളെല്ലാററിലും മുഖ്യമായൊന്നേതെന്ന മുഖ്യമാകുന്നതു വാ
രിദാനമെന്നറിഞ്ഞാലും എന്നതോ ശ്രീനാരദനങ്ങു കാണപ്പെട്ടു എന്ന
റിയിച്ചവാറെ പിന്നെയും ചോദ്യം ചെയ്തേൻ വാരിദാനം കൊണ്ടെന്തു നാ
രദൻ സിദ്ധിച്ചതു നേരെ ചൊൽക എന്നു കേൾപ്പാൻ യോഗ്യം ഞാനെന്നാകിൽ ചി
പ്പോൾ എങ്കിലോ കലിയുഗാദിയിൽ പണ്ടൊരു വിപ്രൻ തങ്കലെ ധർമ്മമാ
യ വേദശാസ്ത്രങ്ങളൊന്നും അഭ്യസിച്ചീടായ്കയാൽ ജ്ഞാനവുമുണ്ടായീല
പത്മനാഭൻ കഴലുകളിൽ ഭക്തിയുമുണ്ടായില്ല എന്തൊന്നു നല്ലുമ ഭക്തിയുണ്ടാ
വാനെന്നു ചിന്തിച്ചു പരിഭ്രമിച്ചങ്ങിനെ നടക്കുമ്പോൾ കാണായിതു വല്ലാ
ലൊരു താപസോത്തമൻ തന്നെ പിന്നെ ഉടൻ നമസ്കരിച്ചു അഭിവാദ്യവും ചെയ്താ
ൻ ആദികാലത്തു വേദമഭ്യസിയായ്ക കൊണ്ടു ബോധവുമില്ലമമെന്നുള്ളവ
മാർഗ്ഗമൊന്നും വൈദികകർമ്മമറിഞ്ഞീടുവാനുപായവും മാദൃശന്മാർക്കു ചൊ
ല്ലേണം നിന്തിരുവടി വിപ്രനിങ്ങിനെ ചോദ്യം ചെയ്തപ്പോൾ മുനീന്ദ്രനു
മപ്പോഴെ വിപ്രോത്തമനോടു ചൊല്ലീടിനാൻ വാരിദാനത്തോളം ന
ന്നല്ല മറെറാന്നുമെടൊ വാരിദാനത്തെക്കൊണ്ടു സാധിക്കാം സകലവും ചി
റയും കുളങ്ങളും കിണറും കുഴിപ്പിക്ക കരകാദികൾ ജലപാത്രങ്ങൾ കൊടുക്ക
യും വെനലിൽ പഥികളിൽ തണ്ണീർപ്പന്തലും വെച്ചു ദാനം ചെയ്യണം വാ
രി ഭക്തിപൂർവ്വകം നന്നായി ഇവണ്ണം ദാനം ചെയ്കനിയും ഞാൻ ചൊന്നവണ്ണം
ജീവനമെല്ലോ വാരി സകലപ്രാണികൾക്കും താപസാജ്ഞയും വാങ്ങിപ്പോ
ന്നു ഭൂദേവൻ പിന്നെ താപസൻ ചൊന്നവണ്ണം വാരിദാനവും ചെയ്താൻ പി
ന്നെയും ബ്രാഹ്മണൻ നാശ്ശനിച്ചാനന്നു മുള്ളിൽ മുന്നം താൻ ചെയ്ത കർമ്മസ്മ
രണമുണ്ടതാനും ആറു ജന്മങ്ങളിത്ഥം കഴിഞ്ഞു ഭൂദേവനാം വാരിദാനത്തി
ന്നൊരു ചഞ്ചലമില്ലതാനും ഏഴാം ജന്മത്തിങ്കലും വാരിദാനവും ചെയ്തു വാ
ഴുന്നകാലം ഭക്തവത്സലൻ നാരായണനന്നു ബ്രാഹ്മണസമീപത്തിൽ പ്ര
ത്യക്ഷനായ്‌വിളിച്ചാനവൻ കാമ്യമായതു ചൊല്ലിന്നിതു വനഖിലവും ഏ

ന്നതു കെട്ടു വിപ്രൻ വന്ദിച്ചു ചൊല്ലീടിനാൻ വാമിന്നങ്ങടീഷ്ടമായുള്ളതെ
ല്ലാമെയിപ്പൊൾ മൊക്ഷത്തെയെല്ലൊ വരിക്കെണ്ടുന്നതെന്നാകിലും മൊ
ക്ഷത്തെയല്ലയിപ്പൊൾ ഞാനപെക്ഷിക്കുന്നതും നിന്തിരുവടി മമ സ്വാമി
യായിരിക്കയും നിന്തിരുവടിക്കു ഞാൻ ദാസനായിരിക്കയും വെണമതെ
ല്ലാസുഖമായതു മൊക്ഷത്തിലും ഗാനഞ്ചെയ്യെണം ചരിത്രങ്ങളും നാമങ്ങളും
എല്ലാ ലൊകത്തിങ്കലും സഞ്ചരിക്കായിടെണം ചെല്ലാതെയിരിക്കെണം മാ
നസം ദ്വന്ദ്വങ്ങളിൽ ഇത്ഥം പ്രാൎത്ഥിച്ചനെരം ഭഗവാനരുൾചെയ്തു ഭക്ത
നാം ഭവാൻ ബ്രഹ്മപുത്രനായ്ജ്ജനിച്ചാലും വാരിദാനം ചെയ്കയാൽ നാരദ
നെന്നു തന്നെ പെരുമെന്നരുൾചെയ്തു ഭഗവാൻ നാരായണൻ മുക്തി
യെക്കാളും മുഖ്യമായതു ഭക്തി തന്നെ ഭക്തവത്സലനൊടു ഭക്തിയെ വാങ്ങി
ക്കൊണ്ടാൻ എവം നാരദനുടെ പൂൎവ്വവൃത്താന്തമെന്നു ദെവദെവനരുൾ
ചെയ്തിതു വഴിപൊലെ വൃത്താന്തമിത്ഥം കെട്ടവന്നിതു ഞാനുമിപ്പൊൾ പൃ
ത്ഥ്വീദെവന്മാരായ നിങ്ങളെക്കണ്ടു ചൊൽവാൻ ചന്ദ്രചൂഡാനുഗ്രഹം കാ
രണമിപ്പൊഴിന്നു ചന്ദ്രചൂഡനെത്തന്നെ സ്സെവിച്ചുകൊൾക നിങ്ങൾ ഇതു
കെട്ടവരെന്നീശ്വരണം പ്രാപിച്ചിതു ഗതിയുമവൎക്കെല്ലാം കൊട്ടക്കം ഞാനും
ഭക്തെ വാരിദാനത്തിന്മഹിമാനം ചൊല്ലാവതല്ല വാരിജനെത്രസൂക്ഷ്മ
ധൎമ്മമാം ഗുഹ്യമിദം നാസ്തികന്മാരായുള്ളോർ കെൾക്കെ ചൊല്ലരുതിതു മാ
സ്തികന്മാൎക്കെ പറഞ്ഞറിയിച്ചീടാവു കെൾ നിങ്കലെന്നെസ്നെഹം കൊണ്ടു നി
ന്നൊടു ചൊന്നെനെന്നു ശങ്കരൻ ചന്ദ്രചൂഡനരുളിച്ചെയ്യുന്നെരം ഗൊ
ത്രാധീശ്വരപുത്രിയാകിയ കാത്യായിനീ വാഴ്ത്തിനാൾ മൊദകരമസ്തൊത്രങ്ങ
ൾകൊണ്ടു ഭക്ത്യാ സന്തുഷ്ടനായ പരമെശ്വരനരുൾചെയ്തു ചിന്തിതമെ
ന്തൊന്നതു തരുവൻ ചൊല്ലീടുകൊൾ നീ നന്ദിച്ചു വന്ദിച്ചപെക്ഷിച്ചിതു ഭഗ
വതി സന്തതം ഭവാങ്കലും പങ്കജനാഭങ്കലും അന്തരം വരാതൊരു ഭക്തിസം
ഭവിക്കെണം അന്തരാത്മനി മമ ഭെദം കൂടാതവണ്ണം ചഞ്ചലമില്ലാതൊരു
ഭക്തിസംഭവിക്കെണെ ചഞ്ചലായതനെത്ര ശബരി തന്നെപ്പൊലെ പരമെ
ശ്വരനിത്ഥമരുളിച്ചെയ്യുന്നെരം പരമെശ്വരിതാനും തൊഴുതു ചൊദ്യം ചെയ്തു
ശബരിയാകുന്നതാരെന്തവളുടെ ധൎമ്മം പ്രബലയായ ഭക്തിയുണ്ടാവാനെ

ന്നുമൂലം ൧൨ ശ്വരി വന്ദിച്ചേവം ചോദ്യം ചെയ്യുന്നേരം ശംഭുപരന്താനന്ദ
ങ്ങൾ ചെയ്തിതുഭൂദേവകൾക്കിനി മുമ്മേഴുവട്ടം മുടിക്ഷത്രിയവീരന്മാരെ ഒഴിച്ചിയി
ലില്ലാതെയാക്കീടിനാനെല്ലൊരാമൻ വാരിധിതന്നിൽ പൊയഗൊകർണ്ണ
ഭരണൊത്ഥം വാരിധിയയച്ചൊരു ഭൂമിതന്നെയും വാങ്ങി സാദരം വീരഹ
ത്യാപ്രായശ്ചിത്താൎത്ഥം പിന്നെ വെദജ്ഞന്മാൎക്കുദാനംചെയ്തിതുവഴിപൊ
ലെ ലൊകാനുഗ്രഹപരനായിസ്സഞ്ചരിക്കുമ്പൊൾ ഏകദാപിതൃക്കളെക്കണ്ടി
തു ഭാൎഗ്ഗവനും എന്തൊരുകരണീയമെന്നാലെന്നരുൾചെയ്താ ലന്തരമെന്നു
മില്ലഞ്ഞാനതുചെയ്യുന്നെല്ലൊ എങ്കിൽനീനാരായണസ്വാമിയെപ്രതിഷ്ഠിക്ക
സങ്കടംതീൎത്തുകൊൾവാൻ വൈകാതെഭദ്രമെന്നല്ലെ എന്നരുൾചെയ്തുമറഞ്ഞീ
ടിനാർപിതൃക്കളും പിന്നെരാമനുമതിന്നാരംഭിച്ചതുളിനാൻ ഒരുനെരമ
ശരീരിവാക്കുകെൾക്കായിഭവാൻ ചെന്നാലും വില്വാദ്രിമെലവിടെമ
ഹാദെവൻ വിഷ്ണുപൂജയും ചെയ്തുവസിച്ചീടുന്നുനിത്യം ജിഷ്ണുമുഖ്യന്മാ
രായദെവകളെല്ലാരൊടും തന്തിരുവടിതന്നെച്ചെന്നുനിസെവിക്കുമ്പൊ
ൾ സന്തൊഷിച്ചനുഗ്രഹിച്ചിട്ടുമന്മഥവൈരീ തന്തിരുവടിനിയൊഗെ
നനീമുകുന്ദനെ വില്വാദ്രിതന്മെൽപ്രതിഷ്ഠിക്കുമെന്നതുകെട്ടു കല്യാണ
മുൾക്കൊണ്ടുമന്ദമന്ദംചെല്ലുന്നെരം ഭൃത്യങ്ങൾകണ്ടുവന്ദിച്ചെന്നൊടുചൊ
ല്ലീടിനാർ ആദരവൊടുകൂട്ടിക്കൊണ്ടുപൊകെന്നുപിന്നെ ഭക്തനെക്കൂട്ടി
ക്കൊണ്ടുവന്നിതുഭൃത്യങ്ങളും ചിത്തസന്തൊഷത്തൊടുഭാൎഗ്ഗവരാമനപ്പൊ
ൾ മുഖ്യാംഭിവ്യസ്തൊത്രംകൊണ്ടുതന്നെസ്തുതിചെയ്തു നില്ക്കുമ്പൊൾനി
നക്കെന്തുവെണ്ടുന്നതെന്നുചൊൽനീ എന്നൊൻചൊദിച്ചപ്പൊൾചൊ
ല്ലിനാൻഭാൎഗ്ഗവനും ഒന്നനുഗ്രഹിക്കെണംനിന്തിരുവടിയിപ്പൊൾ ശ്രീ
നാരായണന്തന്നെപ്രതിഷ്ഠിക്കെണമെന്ന മാനസന്തിങ്കലിനിക്കാഗ്ര
ഹമുണ്ടുപാരം എങ്കിൽഞാൻപണ്ടുപണ്ടെതൎച്ചനചെയ്യുന്നൊരു പങ്കജ
നെത്രബിംബമിതിന്നെത്തന്നെഭവാൻ വില്വാദ്രിയുടെമുകളിൽപ്രതിഷ്ഠി
ച്ചുകൊൾക നല്ലതുകലിയുഗത്തിങ്കൽവന്നീടുവാനായുള്ളവൻവിഷ്ണുലിം
ഗമവിടെപ്രതിഷ്ഠിച്ചു ഭാൎഗ്ഗവിരമണനെപ്പൂജിച്ചുദിനന്തൊറും സെവി
ച്ചുവില്വാദ്രിമെൽവസിക്കുംകാലമതിൻ പൂൎവ്വഭാഗത്തുണ്ടൊരു കാട്ടാളൻ

വസിക്കുന്നു ഒരുനാളവനൊരുമൃഗത്തെയാട്ടിക്കൊണ്ടു ശരചാപങ്ങളൊ
ടുംകൂടെവന്നനെരം വില്വാദ്രിപ്രസ്ഥത്തിങ്കൽനിന്നവനെയ്തുകൊ
ന്നാൻ നല്ലൊരുപുരുഷനായുണ്ടിതാകാശമാർഗ്ഗെ ചൊല്ലിനാൻകാട്ടാള
നൊടവനുമതുനെരം അല്ലലെല്ലാമെതിന്നുകല്യാണംപ്രാപിച്ചെൻഞാ
ൻ നിന്നുടെശരമെറ്റുമരിക്കനിമിത്തമാ യ്വന്നിതുശാപമൊക്ഷമിനി
ക്കെന്നറികനീ വിചിത്രകവചനാംഗന്ധർവ്വപ്രവരൻഞാൻ ദ്വിജദ്വെ
ഷവുംപൂണ്ടുവൈദികകർമ്മമെല്ലാം നിന്ദിച്ചുപരിഹസിച്ചിങ്ങിനെനടക്കു
ന്നാൾ വന്നെൻഞാനൊരുദിനമിവിടെബ്ബലാലപ്പൊൾ തപസ്സുചെ
യ്തുവാഴുംപരശുരാമന്തന്നെ സ്സഭസ്മശരീരനായ്ക്കണ്ടുപഹസിക്കയാൽ കൊ
പിച്ചുഭാർഗ്ഗവനുംശപിച്ചാനതുനെരം ശാപത്തെക്കൊണ്ടുഞാനുംതാപത്തെ
പ്പൂണ്ടീടിനെൻ വെദശാസ്ത്രങ്ങൾകെൾപ്പാൻയൊഗ്യനല്ലാതതിര്യഗ്ജാ
തിയായ്ഭൊകഭവാനെന്നശാപംകെട്ടുഞാൻ കാക്കൽവീണൊശ്രുനമസ്കരി
ച്ചുദുഃഖത്തൊടും ഭാർഗ്ഗവനൊടുശാപമൊക്ഷവുമപെക്ഷിച്ചെൻ ഹരി
ണമായിക്കാലംവൈകാതെശാപമൊക്ഷം വരുമാറനുഗ്രഹിക്കെണമെ
ന്നതുനെരം അങ്ങിനെതന്നെഭവാൻമൃഗമായ്വന്നുട നിങ്ങുനിന്നുമ
രണംവന്നുനിജരൂപം പ്രാപിച്ചുപൂർവ്വസ്ഥാനംപ്രാപിക്കെന്നരുൾചെ
യ്താൻ അതിനാൽമൃഗമായിപ്പരുമാറീട്ടിന്നുഞാ നധുനാനിന്നാൽകൊല
പ്പെട്ടതുനിമിത്തമാ യ്ശാപമൊക്ഷവുംവന്നുദിവ്യരൂപവുംപൂണ്ടേൻ പാ
പങ്ങളൊടുവെറുപെട്ടുഞാനിതുകാലം എന്തൊന്നുനിനക്കഭീഷ്ടംപറ
ഞ്ഞാലുമതി നന്തരമെതുമില്ലനൽകുവനിന്നുതന്നെ ഗന്ധർവ്വനെവംചൊ
ന്നനെരത്തുകാട്ടാളനും ചിന്തിച്ചുചൊല്ലീടിനാൻതന്നുടെകാംക്ഷയപ്പൊ
ൾ പുത്രന്മാരുണ്ടുപലരിനിക്കിങ്ങിനിയൊരു പുത്രിയുണ്ടാവാനുള്ളിലാഗ്ര
ഹമുണ്ടുപാരം നല്ലൊരുപുത്രിയുണ്ടായ്വരികനിനക്കെന്നു ചൊല്ലിയഗന്ധ
ർവ്വനുംമറഞ്ഞാനതുനെരം തണ്ടാരിൽമകളവതാരംചെയ്തതുപൊലെ ഉ
ണ്ടായികാട്ടാളനുപുത്രിയുമതുകാലം ചണ്ഡാലസമ്പർക്കവുംവെടിഞ്ഞുബാ
ല്യകാലെ ചണ്ഡാലവൃത്തികളുംവെടിഞ്ഞുദിനമ്പ്രതി നല്ലപുഷ്പങ്ങളെ
ല്ലാമറുത്തുകൊണ്ടുപൊന്നു വില്വനാഥനെസംകല്പിച്ചുകൊണ്ടാരാധിച്ചു

ഭഗവത്ഭക്തിയുള്ളിലുറച്ചുചമഞ്ഞിതു സകലഭൊഗങ്ങളും വെടിഞ്ഞങ്ങുതു കാലം ചക്രശംഖാബ്ജഗദാധരനായ്ഭഗവാനെ ഉൾകമലത്തിൽകണ്ടുപാപങ്ങൾനശിക്കയാൽ മാനുഷദെഹമുപെക്ഷിച്ചുപൊയ്സ്വൎഗ്ഗംപുക്കവാനവരാലുംനിത്യപൂജിതയായവളാണാൾ സ്വൎഗ്ഗഭൊഗങ്ങളനുഭവിച്ചുപിന്നെവന്നു മുഖ്യനാംക്ഷമാമുനിപുത്രിയായ്ജന്മംചെയ്താൾ പിമ്പവൾ പമ്പാതീരംപ്രാപിച്ചുതാപസരാൽ സമ്പ്രതിസംഭാവിതയായ്മരുവീടുംകാലം തന്നുടെപൂൎവ്വജന്മവൃത്താന്തമെപ്പൊഴുമവളൊന്നൊഴിയാതെമുനിശ്രെഷ്ഠന്മാരൊടുചൊന്നാൾ അതിനാൽശബരിയെന്നവൾക്കുപെരുംചൊന്നാരതിഥിപൂജയുംചെയ്തുവിടെവാഴുംകാലം വെദശാസ്ത്രാദികളുംഗ്രഹിച്ചുയൊഗത്തൊടും ആദിനാരായണനെധ്യാനിച്ചുസദാകാലം മരുവീടിനാൾതന്നെദെവതാപസദ്വിജവരന്മരെല്ലാംകൂടവസിച്ചാർപലകാലം ഭഗവൽചരിതങ്ങളവർചൊല്ലീടുന്നതു സുഖമെകെട്ടുകെട്ടുപലനാൾചെന്നാരെഷാം നാരദൻവിലപംപുരാണത്തെകെൾപ്പിച്ചനെരം പാരമാനന്ദംപൂണ്ടുചമഞ്ഞുശബരിയും പരമെശ്വരനിത്ഥമരുൾചെയ്തുനെരം പരമെശ്വരിതാനുംചൊദിച്ചാൾപശുപതെ ശബരീചരിതത്തെവിസ്തരിച്ചുമചെയ്കെന്നഭിമൊദെനകെട്ടുഭഗവാനരുൾചെയ്തു ദെവഭ്രദെവന്മുനിമാരുമായാശ്രമത്തിൽ ശബരിവാഴുന്നെരംചെന്നിതുനാരദനും അൎഘ്യപാദ്യാദികളാൽപൂജിച്ചുദെവമുനി മുഖ്യനെവന്ദിച്ചിരുന്നീടിനാൾശബരിയും നാരദനരുൾചെയ്തഭഗവൽകഥകൾകെട്ടാനന്ദംകൈക്കൊണ്ടുല്ലാസമിരിക്കുമ്പൊൾ ദെവെന്ദ്രൻചൊദിച്ചിതുനാരദനൊടുഭവാൻദെവദെവെശനായചന്ദ്രശെഖരന്തന്നെ കണ്ടുവന്ദിച്ചിതെല്ലൊനമുക്കൊഭഗവാനെ കണ്ടുകൊൾവാനും പണിയായിരിക്കുന്നുപാരം രാവണന്തന്നെപ്പെടിച്ചങ്ങുമെനടപ്പാനും ആവതല്ലാതെവന്നുമൎത്ത്യഫലമെല്ലൊഅവനെക്കൊൽവാൻഭവാനുംകൂടവെലചെയ്ക ഭുവനങ്ങൾക്കുമുപകാരമായ്വരുമെല്ലൊ ദെവെന്ദ്രൻതന്നൊടപ്പൊൾനാരദനരുൾചെയ്താൻ കെവലംമഹാദെവന്താനവ്വെള്ളിമലയിലഹൊ മൂൎത്തികൾമൂവരെയുമൊരുമിച്ചാരനില ത്താനസ്ഥാനിന്നുകണ്ടുവന്ദിച്ചെ നാളുദിനം എന്നതിനവകാ

ശംവന്നവാററിയിക്കാം നിന്നൊടുശതക്രതൊ കെട്ടുകൊണ്ടാലുമെങ്കിൽ
ഞാൻപതിനാലുലൊകത്തിങ്കലുംനടക്കുമ്പോൾ സാംബനെകാണ്മാൻ
കൈലാസത്തിങ്കൽചെന്നനെരമല്ലൊ ചന്ദ്രചൂഡനെനമസ്കരിച്ചുനില്ക്കു
ന്നെരം മന്ദഹാസാന്തരമരുളിചെയ്തുദെവൻ ദെവകൾക്കെല്ലാംസുഖ
മല്ലീയെന്നതുകെട്ടു ദെവദെവനൊടൊത്താഴുതുണർത്തിച്ചിതുഞാനും രാവ
ണ്ണൻതന്നെപെടിച്ചൊളിച്ചുകിടക്കുന്നു ദെവകൾഭൂമിതന്നിൽവെഷച്ഛ
ന്നന്മാരായി എന്നതുകെട്ടുകാരുണ്യാകുലനായദെവൻ കന്നിൽമാനി
നിയൊടുംബ്രഹ്മലൊകംപ്രാപിച്ചാൻ ബ്രഹ്മാവിനൊടുംകൂടിക്ഷീരസാഗ
രംപുക്കു ചിന്മയനായനാരായണനെസ്തുതിചെയ്തു യൊഗനിദ്രയുമുണ
ർന്നീടിനൊരനന്തരം ഭൊഗിഭൊഗസ്ഥനായനാഥനുമരുൾചെയ്തു എ
ന്തൊരുമൂലംഭവാന്മാരെഴുന്നെള്ളീടുവാൻ എന്തൊന്നുകർത്തവ്യമെന്നാലെ
ന്നുകെൾക്കവെണം എങ്കിലൊകെൾക്കഭവാൻരാവണന്തന്നാലിപ്പൊൾ
സങ്കടമുണ്ടുപതിനാലുലൊകത്തിങ്കലും അവനെക്കൊന്നുവിശപംരക്ഷി
ച്ചീടുകവെണം ഭുവനെശകരുണാനിധെരമാപതെ ഇത്ഥമാകർണ്യനാരാ
യണനരുൾചെയ്തു സത്യംഞാൻതീർത്തീടുവൻരാവണകൃതഭയം സൂര്യ
വംശൊൽഭൂതനാംഭൂപതിദശരഥ ഭാര്യയാംകൌസല്യതൻപുത്രിയായ്പിറ
ന്നുഞാൻ ഗാധിനന്ദനന്റെയാഗരക്ഷയുംചെയ്തു ഗൌതമപത്നിയുടെ
ശാപമൊക്ഷവുംചെയ്തു മൈഥിലിയുടെപാണിഗ്രഹണംചെയ്തുപിന്നെ
ഭൂതെശശിഷ്യന്റെദർപ്പവുംശമിപ്പിച്ചു സാകെതപുരിപുക്കുലൊകരെരഞ്ജി
പ്പിച്ചു കൈകെയീവചനത്താൽകാനനംപ്രവെശിച്ചു താപസരക്ഷാർത്ഥമാ
യ്ദണ്ഡകാരണ്യംപുക്കു കൊപെനവന്നഖരാദികളെക്കുലചെയ്തു പൊ
ന്മാനായ്വന്നമാരീചന്തന്നെക്കുലചെയ്തു വിമനസ്സൊടുംസീതാന്വെഷ
ണൊത്സുകനാലക്ഷ്മണനൊടുംകൂടശ്ശബര്യാശ്രമംപുക്കു തൽക്ഷണംശബരി
ക്കുമൊക്ഷവുംകൊടുത്തുടൻ സുഗ്രീവരക്ഷാർത്ഥമായ്ബാലിയെവധംചെയ്തു
സുഗ്രീവാദികളായവാനരപ്പടയൊടും സമുദ്രത്തിൽചിറകെട്ടിലങ്കയി
ൽചെന്നുസമസ്തനിശിചരന്മാരെയുംകുലചെയ്തു വൈകുണ്ഠംപ്രാപിച്ചീ
ടുംവൈദെഹിയൊടുംകൂടി സമ്മൊദത്തൊടുംപൊവിനെന്നുമെദി

കെൾക്ക എന്നതുകെട്ടനേരമവരന്നിജനിജ മന്ദിരംപുക്കുസന്തോഷംപൂ
ണ്ടുമരുവിനാർ ഞാനമ്മീവൃത്താന്തങ്ങൾനിങ്ങളൊടറിയിപ്പാനാനന്ദംപൂ
ണ്ടുവന്നനിവിടെക്കറിഞ്ഞാലും. നാരദവാക്യമെവംകെട്ടൊരുദെവക
ളും പാരാതെനിജനിജമന്ദിരമകംപുക്കാർ ശബരിയുടെപൂജകൈക്കൊണ്ടു
നാരദനും ശബരിതന്നിൽകൈവെച്ചാശീർവ്വാദവുംചൊല്ലി മറഞ്ഞുനാര
ദനും ശബരിപിന്നെരാമൻ വരുന്നവരവുംപാർത്തിരുന്നാളാശ്രമത്തിൽ
ശ്രീനാരായണസ്വാമിവന്നവതാരംചെയ്താൻ മാനവവംശത്തിങ്കൽകൌ
സല്യാതനയനായുന്നന്താനരുൾചെയ്കപൊലെകർമ്മങ്ങളെല്ലാ മൊ
ന്നൊന്നെചെയ്തുചെന്നുദണ്ഡകംപുക്കനെരം തമ്പിയുംതാനുംകൂടിസീ
താന്വെഷണംചെയ്തു പമ്പാതീരംപ്രാപിച്ചുശബരിതന്നെക്കണ്ടു അവ
ളാൽചെയ്യപ്പെട്ടപൂജയുംപരിഗ്രഹിച്ചുവളൊടാശുസീതാവൃത്താന്തംചൊ
ദിച്ചപ്പൊൾ കൊണ്ടുപൊയതുദശകണ്ഠനെന്നവളുള്ളിൽ കണ്ടിതുദിവ്യ
നെത്രംകൊണ്ടതുമറിയിച്ചാൾ ദൃശ്യനായുരുംപമ്പാകടന്നുചെന്നാലുടൻ
ഋശ്യമൂകാദ്രൌതത്രസുഗ്രീവന്തന്നെയെന്നാൽ സഖ്യംചെയ്കവനൊടുബാ
ലിയെനിഗ്രഹിച്ചാൽ മർക്കടപ്പടയൊടുംദക്ഷിണാംബുധികട ന്നക്കരെ
ച്ചെന്നുദശകണ്ഠനെനിഗ്രഹിച്ചു കൈക്കൊണ്ടുപൊന്നീടുകദെവിയെ
വൈകീടാതെ ഇത്തരമറിയിച്ചുരാമചന്ദ്രനെഭക്ത്യാ ചിത്തത്തിലുറപ്പി
ച്ചുദെഹത്യാഗവുംചെയ്താൾ ഇങ്ങിനെമൊക്ഷംപ്രാപിച്ചീടിനാൾശബരി
യെന്നുംഗജാരാതിനിജവല്ലഭയൊടുചൊന്നാൻ ൟശബരിയതുനെരമീശ
രനൊടുചൊന്നാളാശ്രിതപരായണനാകിയജഗന്നാഥ വില്വാദ്രിസം
ശ്രിതമായുള്ളസൽകഥയിതു നല്ലതുലൊകങ്ങൾക്കുമതിതുകൊൾവാനാ
യെ വില്വാദ്രിക്ഷെത്രത്തിങ്കൽസ്ഥാപിക്കവെണമതി ന്നില്ലസംശയമെ
ന്നുപാർവ്വതിചൊന്നനെരം ശ്രീമഹാഭാരതത്തിങ്കൽപരാശരനിദ മാമൊ
ദംവരുമാറുചൊല്ലിയെന്നെല്ലൊനാഥ ഞാനൊഭാരതന്തന്നിലിക്കഥാകെ
ട്ടീലെല്ലൊ നൂനമെന്നതുകെട്ടുഭഗവാനരുൾചെയ്തു: വില്വത്തിങ്കന്നുപാഠ
ഞ്ചെയ്തിതുവെദവ്യാസൻപലക്രമമതുകൊണ്ടുകെൾക്കായിവന്നീലെല്ലൊഞാ
നിഹലൊകത്തിങ്കലൊക്കവെപരത്തുവൻ നൂനമിക്കഥയതിന്നാശ്ശൂന്നാം

പൊകമെങ്കിൽ എന്നരുൾചെയ്തു പരമെശ്വരിയൊടുംകൂടി ചെന്നു, തുവെ
ശാൽബദര്യാശ്രമത്തിന്നു താൻ വെദവ്യാസനുമശ്വല്യപാദ്യാദിമുഖ്യങ്ങ
ളാൽ വെദാന്തവെദ്യനായിന്നെപ്പൂജിച്ചു ഭക്തിയൊടെ പരമെശ്വരിയെയും
പൂജിച്ചു ഭക്തിപൂർവ്വം പരമാനന്ദപൂർണ്ണവനായങ്ങിനിന്നീടിനാൻ അന്നെ
രം പ്രീതിയൊടുമരുളിച്ചെയ്തുനാഥൻ നിന്നെക്കാണ്മതിനു ചൊൽവാൻ വ
ന്നിതു ഞങ്ങളിപ്പോൾ ഭാരതമാകുമഞ്ചാം വെദത്തെക്കൊണ്ടു ഭവാൻ കാരു
ണ്യവശാൽ പ്രപഞ്ചത്തെ രക്ഷിച്ചായെല്ലൊ അവ്വണ്ണം തന്നെ ഭവാനി
നിയുമൊന്നു വെണം ദിവ്യമാം വില്വംപുരാണത്തെയും ലൊകത്തിങ്കൽ
നന്നായിപ്രകാശിപ്പിച്ചീടെണമെന്നനെരം പുണ്യവർദ്ധനമായ പുസ്ത
കം നല്കീടിനാൻ വെദവ്യാസനെയനുഗ്രഹിച്ചു മഹാദെവൻ ആദര
വൊടു ലെഖതടിയും വാങ്ങിക്കൊണ്ടു കൈലാസം പ്രാപിച്ചിതു പരമെശ്വരി
യൊടും കാലാരി തന്നെക്കാണ്മാൻ വന്നിതു വിരിഞ്ചനും പുസ്തകമതു നെ
രം പത്മസംഭവനുടെ ഹസ്തപങ്കജത്തിങ്കൽ കൊടുത്തു മഹെശനും ധാതാ
വും ഗിരീശനുമീശ്വരീ താനും കൂടി സാദരം വില്വാദ്രിയെ പ്രാപിച്ചു ബ
ഹിർഭാഗെ സത്വരം പ്രദക്ഷിണം ചെയ്തുടനകം പുക്കു ഭക്തികൈക്കൊണ്ടു കൂ
പ്പിത്തൊഴുതു വന്ദിച്ചുടൻ ജിതമിത്യാദി സ്തൊത്രം കൊണ്ടെവരം സ്തുതിച്ച
പ്പൊൾ മധുസൂദനനന്താനും പ്രീതപൂർണ്ണത്തുനെരം ശ്രീഭഗവതിയൊടു
ധരണീദെവിയൊടും ശ്രീപതിയായ വിഷ്ണു ഭഗവാൻ നാരായണൻ
പുഷ്കരെക്ഷണൻ ശിലരൂപിയായുളവായിട്ടാൻ ചക്രശംഖഗദാധര
നായതുനെരം പിന്നെയും തെരുതെരെ സ്തുതിച്ചാരിവരും പന്നഗഭരണനും
ഹരിയൊടരുൾചെയ്തു ഭഗവച്ചരിതമായുള്ളൊരു ലെഖാതതി സകല
ജനങ്ങൾക്കും കൈവല്യം വന്നീടുവാൻ ഇവിടെ സ്ഥാപിക്കെണമിതി
നെയെന്നു ചൊല്ലി ശ്രീവത്സം നാരായണന്തൃക്കയ്യിൽ നല്കീടിനാൻ മാ
ധവനിതു വാങ്ങി സാദരമരുൾ ചെയ്യുന്നു പ്രീതനായുമ അങ്ങൊന്നെങ്കിലു
മിതു കെൾപ്പിൻ നിത്യവും കൊകമുഖത്തിങ്കലെന്നെപ്പൂജിച്ചു ഭക്തനായൊ
രു വിപ്രൊത്തമനുണ്ടിരിക്കുന്നു പുസ്തകമവൻ കയ്യിൽ കൊടുത്ത ലവനിതു
സത്വരം നീളെ പ്രകാശിപ്പിക്കുമെന്നരുളിനാൻ എന്നരുൾചെയ്തു പരമെശ്വ

നൽത്തുക്കയ്യിലെ പിന്നെയുംകൊടുത്തിതുഭഗവാന്നാരായണൻ ലൊകെശ
ഭൂതെശ്വരന്മാൎക്കനുഗ്രഹംചെയ്തു വെദഗാനശിലയിങ്കൽമറഞ്ഞുഭഗവാനും
ഭക്തികൈക്കൊണ്ടുമഹാദെവനെവണങ്ങിപ്പൊ സ്സത്യലൊകംപ്രാപിച്ചു
വസിച്ചുവിരിഞ്ചനും പരമെശ്വരൻകൊകമുഖംപ്രാപിച്ചുതത്ര സരസീരു
ഹനെത്രഭക്തനാം വിപ്രൊത്തമൻ ഉറങ്ങുന്നെരമവൻകയ്യിൽപുസ്തകം
നൽകി മറഞ്ഞുഭവാനിയൊടുംകൂടിമഹാദെവൻ കൈലാസാചലംപുക്കു
വസിച്ചുഗൌരിയുമായ്ശൈലെന്ദ്രപുത്രിതാനുംപ്രീതിപൂണ്ടുതളിനാൾ ഉണ
ൎന്നനെരംവിപ്രൻപുസ്തകംകണ്ടുമൊദാൽ വണങ്ങിഭഗവാനെസ്തുതിച്ചാ
ൻപലതരം പിന്നെയപ്പുരാണത്തെപ്പഠിപ്പിച്ചിതുനന്നാ യ്തന്നുടെശിഷ്യ
ന്മാൎക്കുകൌതുകസമന്വിതംവില്വാദ്രിയാകുംമഹാക്ഷെത്രത്തിന്നെററമട്ടത്തി
ലുള്ളൊരുവിപ്രൊത്തമൻതാമ്പുറപ്പെട്ടാൻ തീൎത്ഥസ്നാനാൎത്ഥംഗംഗാതീര
ത്തെപ്രാപിച്ചപ്പൊൾ സാത്വികന്മാരാഞ്ചിലസന്ന്യാസിപ്രവരന്മാർ പ
ഠിക്കുംവില്വംപുരാണംകെട്ടുസന്തുഷ്ടനാ യടുത്തുചെന്നുസന്ന്യാസികളെസ്സെ
വിച്ചപ്പൊൾ മഹത്വമുള്ളസന്ന്യാസികളൊടൎത്ഥത്തെയും ഗ്രഹിച്ചുസഹി
തനായ്ക്കൊണ്ടവൻപൊന്നാനെല്ലൊ വില്വാദ്രിതങ്കൽമധുസൂദനനുടെ
പാദമെല്ലാനെരവുംധ്യാനിച്ചുറച്ചുഭക്തിയൊടും പിന്നെബ്രാഹ്മണ
ൎക്കെല്ലാമുപദെശിച്ചീടിനാൻ ചെന്നിതുപലകാലമങ്ങിനെ വിപ്രെന്ദ്രനും
വന്നിതുകൈവല്യവുമെന്നിഹധരിച്ചാലും വന്നീടുംമൊക്ഷംവില്വാദ്രീ
ന്ദ്രനെവണങ്ങിയാൽ മന്നവാനീയുംമധുസൂദനപാദാംബുജം വന്ദിച്ചുപു
രാണവുംപഠിച്ചുംകെട്ടുകൊണ്ടും വില്വാദ്രിനാഥന്തന്നെസ്സെവിച്ചാൽവ
രുംമൊക്ഷം ഇല്ലതിന്നൊരുകില്ലെന്നറികധൎമ്മാത്മജ ഇങ്ങിനെശരശയ
നത്തിന്മെൽകിടക്കുന്ന ഗംഗാദത്തനും ധൎമ്മപുത്രനൊടറിയിച്ചാൻ യാ
തൊരുപുമാൻപഠിക്കുന്നതിക്കഥായവൻ ചെതസിനിരൂപിച്ചതൊക്കവെ
ലഭിച്ചീടും വന്ധ്യമാംവൈകുണ്ഠവുംവന്നീടുമൊടുക്കത്തു നന്ദനന്ദനന്ത
ന്നെസ്സെവിച്ചുകൊൾകനിത്യം ഇങ്ങിനെപലശ്രുതികളെയുമറിയിച്ചു മം
ഗലവാചാവൈശമ്പായനമഹാമുനി ജനമെജയന്താനുംപരമാനന്ദംപൂ
ണ്ടു ജനരഞ്ജനയൊടുംസുഖിച്ചുമരുവിനാൻ ദുഷ്ടദുശ്ചരിത്രാദികഥകളു

പെക്ഷിച്ചു പൃഷ്ടമംഗലഭദ്രകഥയ്ക്കൊരുത്തരമെവം സൂതനുമിത്ഥം പറഞ്ഞു
പസംഹരിച്ചിതു സാദരമാനന്ദംപൂണ്ടിതന്നാരെല്ലാവരും ഇങ്ങിനെകി
ളിമകൾചൊന്നതുകെട്ടനെരം ഞങ്ങളും പരമാനന്ദംപൂണ്ടിതെല്ലാവരും. *
ഇതി വിലാപപുരാണം കഥാസാരസംക്ഷേപം സമാപ്തം ശുഭമസ്തു.................. *
കരകൃതമപരാധം ക്ഷന്തുമർഹന്തി സന്തഃ *

1922 G 9992

2.75

ശ്രീ

*ilva-Purāṇa*

ലപംപുരാണം

ഇത

മഹാ-രാ-രാ

ട്ടണംകാളഹസ്തിയപ്പ

രഅവർകളുടെമകൻ

നാചലമുതലിയാര

പിഴതിപ്പിച്ച

തന്നുടെ

ദ്യാവിലാസ

രച്ചക്കൂടത്തിൽ

ച്ചടിപ്പിച്ചത..

864

ന്നൂര-ാംവഷംജൂലായിമാസം

ൻടർ- യശായാ.

ിലഅണ- 8